യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 15 ലക്കം 3 | മാർച്ച് 2017 | വില 10 രൂപ



JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 15 മാർച്ച് 2017 ലക്കം 3

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കോലഞ്ചേരി | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

# നമ്മുടെ ന്യായവും ക്രൂശിന്റെ സ്ഥാനവും



നമ്മുടെ ന്യായത്തിനു വേണ്ടി വാദിക്കുന്നതും മറ്റുള്ളവർ നമ്മോട് ന്യായമായി ഇടപെടണം എന്ന് ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നതും ഇന്നു നമ്മുടെ സാക്ഷ്യത്തിന് ഏറെ ദോഷം ചെയ്തിരിക്കുന്നു. ന്യായം ലഭിക്കുന്നുണ്ടോ എന്നതായിരിക്കരുത് ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ മാനദണ്ഡം. ഏറ്റവും പ്രധാന ചോദ്യം ഈ സന്ദർഭത്തിൽ ക്രൂശിന്റെ സ്ഥാനം എവിടെ, ക്രൂശു വഹിക്കുന്നതിന്റെ അനുഭവം എവിടെ എന്നുള്ളതായിരിക്കണം.

**-വാച്ച്മാൻ നീ**

## ദിവ്യസംരക്ഷണം

A **Joyful 'toon** by Mike Waters




യഹോവേ എന്റെ ശത്രുക്കളുടെ കയ്യിൽ നിന്ന് എന്നെ വിടുവിക്കേണമേ..
*(സങ്കീർത്തനം 143:9)*

**എഡിറ്റോറിയൽ**

# എളിയവർക്കു കൃപ



**യേ**ശുവിനെ അറിയുന്തോറും പിന്നേയും അറിയാൻ ഒട്ടേറെ ബാക്കി കിടക്കുന്നതുപോലെയാണു നമുക്കു തോന്നുക.

നിങ്ങൾ അടിത്തട്ടു കാണാത്ത ഒരു കയത്തിലേക്ക് എത്തിനോക്കിയിട്ടുണ്ടോ? നോക്കി നോക്കി കണ്ണു കഴച്ചാലും അടിത്തട്ടു കാണാൻ കഴിയുകയില്ല എന്നു പറയുന്നതുപോലെയാണു യേശുവിന്റെ ജീവിതവും. സുവിശേഷങ്ങളിൽ നാം കാണുന്ന ആ ജീവിതത്തിനു മോഹിപ്പിക്കുന്ന ഒരു ലാളിത്യമുണ്ട്. എന്നാൽ തന്റെ ചെയ്തികളിലേക്കും വാക്കുകളിലേക്കും അടുത്തു ചെന്നു നോക്കുമ്പോഴോ? അടിത്തട്ടു കാണാത്ത ഒരു കയത്തിലേക്ക് എത്തിനോക്കിയ പ്രതീതി. നാം അറിഞ്ഞതിനും ചിന്തിച്ചതിനും അപ്പുറത്താണു കാര്യങ്ങൾ. ഒറ്റ നോട്ടത്തിൽ ലളിതമെന്നു തോന്നിയ ആ പ്രവൃത്തികൾക്കും വചസ്സുകൾക്കും ഏറെ ആഴമുണ്ടെന്നു നാം കൂടുതൽ കൂടുതൽ അറിഞ്ഞുകൊണ്ടിരിക്കും.

ഉദാഹരണത്തിന് യേശുവിന്റെ എളിയവരോടുള്ള പക്ഷപാതിത്വത്തിനും ധനവാന്മാരോടുള്ള എതിർപ്പിനും ഉപരിതലത്തിൽ കാണുന്നതിലേറെ ആഴമില്ലേ? ധനവാൻ സ്വർഗരാജ്യത്തിൽ കടക്കുന്നത് ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിനെക്കാൾ അസാധ്യമായ കാര്യമാണെന്ന് അവിടുന്നു പറഞ്ഞു. ധനവാനായപ്രമാണിയോടു തനിക്കുള്ളതൊക്കെയും വിറ്റു ദരിദ്രർക്കു കൊടുക്കാൻ ആജ്ഞാപിച്ചു. ഈ എളിയവരിൽ ഒരുവനു ചെയ്തതു തനിക്കാണു ചെയ്യുന്നതെന്ന് ഓർപ്പിച്ചു. അന്ത്യനാളിൽ നമ്മെ ജീവിതനിലപാടുകൊണ്ടു ന്യായം വിധിക്കാൻ വരുന്നവരിൽ ശിഷ്യന്മാർ, നിനവേക്കാർ, ശേബാ രാജ്ഞി എന്നിവരോടൊപ്പം നാലാമതായി എളിയവരുമുണ്ടെന്ന് അവിടുന്നു ചൂണ്ടിക്കാട്ടി. ദൈവത്തിനു സർവ്വശക്തൻ, സർവാധികാരി, സർവജ്ഞാനി, സർവവ്യാപി എന്നിങ്ങനെയുള്ള വിശേഷണങ്ങളൊക്കെ ഉണ്ടായിരിക്കെ അപ്പോസ്തലനായ പൗലോസ് ദൈവത്തെ എളിയവരുടെ മേൽ വിലാസത്തിലാണു പരിചയപ്പെടുത്തുന്നതെന്നും (2 കൊരി 7:6) ഓർക്കുക. ഇവയെല്ലാം കൂട്ടിവായിക്കുമ്പോൾ ദൈവം തീർച്ചയായും എളിയവരുടെ ഭാഗത്താണ്.

എങ്കിൽ, ഈ എളിയവർ ആരാണ്? ഒറ്റനോട്ടത്തിൽ അവർ ഈ ലോകത്തിലെ ദരിദ്രരാണെന്നു തോന്നും. യേശുവിന്റെ വചനങ്ങളിലെ ഉപരിതലത്തിൽ കാണുന്ന ഈ ഒരൊറ്റ അടരിൽ (layer) ഊന്നിയാണു 'വിമോചന ദൈവശാസ്ത്രം' രൂപപ്പെട്ടിരിക്കുന്നത്. എന്നാൽ യേശു പറഞ്ഞ എല്ലാ കാര്യങ്ങളേയും കൂട്ടിവച്ചും യേശുവിന്റെ ജീവിത നിലപാടുകളുടെ സമഗ്രതയിലും ഇക്കാര്യങ്ങളെ നോക്കികാണുമ്പോൾ ഈ ലോകത്തിലെ നശ്വരമായ ധനം, ദാരിദ്ര്യം എന്നിവയ്ക്കപ്പുറം ഇതിന് ആഴമായ അർത്ഥമുണ്ടെന്നു മനസ്സിലാകും. ധനം, ധനവാൻ എന്ന് അവിടുന്നു പറയുമ്പോൾ കേവലം സാമ്പത്തിക അവസ്ഥ മാത്രമല്ല ഉദ്ദേശിക്കുന്നത്. നമുക്കു വലുപ്പവും കനവും തരുന്ന എല്ലാ വിധത്തിലുള്ള സമ്പന്നതയെയും-അതു കഴിവുകൾ സ്വാധീനങ്ങൾ, സൗന്ദര്യം, ആരോഗ്യം, പാരമ്പര്യം, കുടുംബശ്രേഷ്ഠത, ആത്മീയരംഗത്തെ നേട്ടങ്ങൾ, വരങ്ങൾ എന്നു വേണ്ട എല്ലാ വിധത്തിലുള്ള പുകഴ്ചയെയും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായുള്ള എല്ലാ ഉയർച്ചയെയും-ആണ് ഉദ്ദേശിക്കുന്നതെന്നു കാണാം.

കൂടാതെ, എല്ലാവരും 'ദൈവവിഷയമായി സമ്പന്നരാകുക'യാണു വേണ്ട തെന്നും 'ആത്മാവിൽ ദരിദ്രരായവർക്കാണു സ്വർഗ്ഗരാജ്യ'മെന്നും യേശു പറഞ്ഞപ്പോൾ എല്ലാ നിഗളത്തിന്റെയും എതിർധ്രുവത്തിൽ താഴ്മയിൽ നില്ക്കുന്നവരെയാണ് അവിടുന്ന് 'എളിയവർ' എന്നു വിശേഷിപ്പിച്ചതെന്നും നമുക്കു മനസ്സിലാകും. ചുരുക്കത്തിൽ ദൈവം തങ്ങളുടെ ഏതെങ്കിലും സമ്പന്നതയിൽ ആശ്രയവും പ്രശംസയും ഉള്ളവർക്ക് എതിരാണ്. ദൈവ ത്തിൽ മാത്രം ആശ്രയമുള്ള ആത്മാവിലെ ദരിദ്രരോട്, എളിയവരോട്, അവി ടുന്നു ചേർന്നു നില്ക്കും. യാക്കോബും പത്രോസും ഒരേപോലെ ഇക്കാര്യം അടിവരയിട്ട് ഇങ്ങനെ പറയുന്നു:" ദൈവം നിഗളികളോട് എതിർത്തു നിൽക്കയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു" (4:6/1 പത്രൊ. 5:5).

കൃപ-തക്ക സമയത്തു ലഭ്യമാകുന്ന ദൈവിക സഹായമാണത്. എങ്കിൽ നമുക്കെല്ലാം അതു ദൈനംദിന ജീവിതത്തിൽ എത്രമേൽ ആവശ്യമുണ്ട്! ഒരു സാഹചര്യത്തിൽ ദൈവഹിതപ്രകാരം എങ്ങനെ പെരുമാറണം, എന്തു പറയണം? വാസ്തവത്തിൽ നമുക്കറിഞ്ഞുകൂടാ. ദൈവത്തിന്റെ കൃപയു ണ്ടെങ്കിലേ നമുക്കവിടെ പറയേണ്ടതുമാത്രം പറയാനും പെരുമാറേണ്ട തുപോലെ പെരുമാറാനും കഴിയുകയുള്ളൂ. ആ കൃപ എങ്ങനെ ലഭിക്കും? നാം എളിമയുള്ളവരാണെങ്കിൽ ദൈവത്തിന്റെ കൃപ സ്വാഭാവികമായി ആ സാഹചര്യത്തിൽ നമുക്കു ലഭ്യമാകും.

സത്യത്തിൽ ദൈവകൃപ ലഭ്യമാകുംവിധം എളിമയുള്ളവരായിരിക്കു ന്നതു പ്രയാസമുള്ള കാര്യമാണോ? ആവിലാവിലെ തെരേസ എന്ന ദൈവ ഭൃത്യയുടേതായി അറിയപ്പെടുന്ന ഒരു മഹത് വചനമുണ്ട്: 'എളിമയാണു സത്യം". വാസ്തവത്തിൽ ദൈവത്തിലല്ലാതെ എങ്ങും ആശ്രയമില്ലാത്ത നിസ്സഹായരാണു നാം എന്നതാണു സത്യം. ആ സത്യത്തെ സത്യമായി കണ്ട് അംഗീകരിക്കുന്നതാണു താഴ്മ. ഏതു സാഹചര്യത്തിലും നാം നിസ്സ ഹായരാണെന്നും എളിയവരാണെന്നും ഉള്ളതാണു നമ്മെ സംബന്ധിച്ച യാഥാർഥ്യം. (നാം നിഗളിക്കുമ്പോൾ ഈ യാഥാർത്ഥ്യം വിട്ടു പോകുക യാണ്). ഈ യാഥാർഥ്യത്തോടു ചേർന്നു നില്ക്കുമ്പോൾ നമുക്കു സ്വാഭാ വികമായി തന്നെ കൃപ-തൽസമയത്തെ സഹായം-ലഭിച്ചുകൊണ്ടിരിക്കും.

കൃപ ലഭിക്കുന്നതു താഴ്മയുള്ളവർക്കു മാത്രമാണെന്നും നിഗളമുള്ള വരെ ദൈവം തന്നെ എതിർക്കുമെന്നുമുള്ള സത്യം ആത്മാവിൽ ഒരു വെളി പാടായി ലഭിച്ചാൽ നാം എപ്പോഴും എളിയവരായി നില്ക്കാൻ ശ്രദ്ധിക്കും. ഇതേസമയം, നിഗളത്തിൽ നമ്മെ വീഴ്ത്തിയാൽ ദൈവം തന്നെ നമുക്ക് എതിരായിക്കൊള്ളും എന്നു സാത്താന് അറിയാവുന്നതുകൊണ്ട് അതു തന്നെയാണ് അവൻ നമുക്കെതിരെ തുറുപ്പുചീട്ടായി ഉപയോഗിക്കുക. നിഗ ളമെന്നു തിരിച്ചറിയാൻ കഴിയാത്തവിധം അതിനെ വിവിധ ഭാവത്തിൽ മാറ്റി, എന്തിന് അതു താഴ്മയാണെന്നു പോലും തെറ്റിദ്ധരിപ്പിച്ച്, അതു നമ്മിലേക്കുകൊണ്ടുവരുവാൻ അവൻ ശ്രമിക്കുമ്പോൾ നാം എത്ര ജാഗ രൂകരായിരിക്കണം!

നിഗളത്തിന്റെ വിവിധ ഭാവങ്ങളെയും അതിന്റെ വേഷപ്പകർച്ചകളെയും തിരിച്ചറിയേണ്ടതു നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമായതിനാൽ തുടർന്ന് അതേപ്പറ്റി ചിന്തിക്കാം:

യിസ്രായേലിലെ ആദ്യരാജാവായി ദൈവം തിരഞ്ഞെടുത്ത ശൗൽ തുടക്കത്തിൽ

*(ശേഷം പേജ് 40 ൽ)*

സന്ദേശം

### താഴ്മയുടെ യഥാർത്ഥ അർത്ഥം -2

# കൃപ ലഭിക്കുവാൻ എളിയവനായിരിക്കുക

ഏലിയാസ് ആസ്ലാക്സൻ

ഇവിടെ ഞാൻ ഒരു ചോദ്യം ഉന്നയിക്കട്ടെ: മറ്റുള്ളവർക്കു വ്യക്തികളായോ സംഘമായോ നാം ദൈവത്തിൽ നിന്നൊരു വൻകൃപ പ്രാപിക്കുന്നതിനെ തടയുവാൻ കഴിയുമോ? ഒരിക്കലുമില്ല. ദൈവം താഴ്മയുള്ളവനു കൃപ കൊടുക്കുന്നത് മറ്റുള്ളവരെ നോക്കിയിട്ടല്ല.

രക്ഷ എന്നതു ദൈവവും ഒരുവനുമായുള്ള വ്യക്തിപരമായ കാര്യമാണ്. മറ്റാർക്കും, ദൈവത്തിനും ഈ വ്യക്തിക്കും ഇടയിൽ വരുവാൻ കഴിയുകയില്ല.

ദൈവവും ഓരോ വിശ്വാസിയുമായി നേരിട്ടുള്ള ബന്ധമാണുള്ളത്.

അതേ, ദൈവം താഴ്മയുള്ളവനു കൃപ കൊടുക്കുന്നു. ആർക്ക് അതു തടയാൻ കഴിയും?

കൃപ എന്നാൽ പാപക്ഷമ മാത്രമ



*വീട്ടിൽ നടക്കുന്ന കൊച്ചുകൊച്ചു കാര്യങ്ങളിൽ പലതിനെക്കുറിച്ചും 'ഏറ്റവും ശരിയായതെന്താണ് എനിക്കറിയാം' എന്നു നിങ്ങൾക്കു തോന്നാറുണ്ടോ? ഉന്നത ചിന്തയും നിഗളവും തന്നെയാണത്.*

നിങ്ങൾക്കു കർത്താവിനു വേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞെന്നിരിക്കും. ഒട്ടേറെ പ്രവർത്തനങ്ങൾ, നല്ല കാര്യങ്ങൾ. പക്ഷേ അവയൊന്നും ദൈവത്തിന്റെ രക്ഷ കണ്ടെത്തുവാൻ നിങ്ങളെ സഹായിക്കുകയില്ല. മതപരമായ പ്രവർത്തനങ്ങളും രക്ഷയും രണ്ടാണ്. ക്രിസ്തുവിന്റെ സ്വഭാവത്തോട് ആന്തരികമായി അനുരൂപപ്പെടുന്നതാണ് രക്ഷ.

ല്ല. ദൈവത്തിൽ നിന്നു ലഭിക്കുന്ന സഹായം കൂടിയാണത്. കൃപ ലഭിക്കുക എന്നു പറഞ്ഞാൽ യഥാർത്ഥ വെളിച്ചം, ജീവൻ, വിജയം എന്നിവ പ്രാപിക്കുകയും വെളിച്ചത്തിൽ നിന്ന് വെളിച്ചത്തിലേക്കും, വിജയത്തിൽ നിന്നു വിജയത്തിലേക്കും, മഹത്വത്തിൽ നിന്നു മഹത്വത്തിലേക്കും നീങ്ങുകയും ചെയ്യുക എന്നതാണ്. ഇതെല്ലാം നമ്മുടെ താഴ്മയുടെ അളവനുസരിച്ചേ ലഭിക്കുയുള്ളുതാനും.

ദിനന്തോറും നമുക്ക് ഒട്ടേറെ കാര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കേണ്ടി വരാറുണ്ട്. ഓരോ തീരുമാനവും ഒന്നുകിൽ നമ്മുടെ താഴ്മയോ അല്ലെങ്കിൽ നമ്മുടെ നിഗളമോ വെളിപ്പെടുത്തും. നാം ചിന്തിക്കുന്നതും പറയുന്നതും ചെയ്യുന്നതും ചെയ്യാതെ അവഗണിക്കുന്നതുമെല്ലാം ഒന്നുകിൽ താഴ്മയുടെ അല്ലെങ്കിൽ നിഗളത്തിന്റെ ഫലമാണ്, സംശയമില്ല.

നിഗളമുള്ളവർ, ഉന്നത ചിന്ത വച്ചു പുലർത്തുന്നവർ, മറ്റുള്ളവരെ വിധിക്കുകയും വിമർശിക്കുകയും പഴിപറയുകയും ചെയ്യും. ഏറ്റവും വലിയ അന്ധകാരത്തിലാണവർ. രക്ഷയെക്കുറിച്ചോ ദൈവരാജ്യത്തെക്കുറിച്ചോ അവർ ഒന്നും മനസ്സിലാക്കിയിട്ടില്ല.

എന്നാൽ നമ്മെ ക്രിസ്തുവിന്റെ എല്ലാ ഗുണങ്ങളിലും പങ്കാളികളാകുവാനും അതിൽ വർദ്ധിച്ചുവരുവാനുമാണ് വിളിച്ചിരിക്കുന്നത്. ഈ മേഖലയിലെ പുരോഗതിയാകട്ടെ രക്ഷയുടെ അടിസ്ഥാനപരവും മൗലികവുമായ നിയമത്തെ (താഴ്മയെ) ആശ്രയിച്ചാണിരിക്കുന്നത്. ദൈവത്തിന്റെ രക്ഷയെ ഗൗരവമായി അന്വേഷിക്കുന്ന ആർക്കും അതിനുള്ള താക്കോൽ ഇവിടെ കണ്ടെത്തുവാൻ കഴിയും. താഴ്മയാണ് ദൈവത്തിന്റെ എല്ലാ രക്ഷയുടേയും താക്കോൽ.

നിങ്ങൾക്കു കർത്താവിനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞെന്നിരിക്കും. ഒട്ടേറെ പ്രവർത്തനങ്ങൾ, നല്ല കാര്യങ്ങൾ. പക്ഷേ അവയൊന്നും ദൈവത്തിന്റെ രക്ഷ കണ്ടെത്തുവാൻ നിങ്ങളെ സഹായിക്കുകയില്ല. മതപരമായ പ്രവർത്തനങ്ങളും രക്ഷയും രണ്ടാണ്. ക്രിസ്തുവിന്റെ സ്വഭാവത്തോട് ആന്തരികമായി അനുരൂപപ്പെടുന്നതാണ് രക്ഷ.

ഒരു വിശ്വാസിയുടെ വർഷങ്ങളായുള്ള ആത്മീയ പുരോഗതി നോക്കിയാൽ അദ്ദേഹം എത്രത്തോളം താഴ്മയുള്ളവനായിരുന്നുവെന്നു വ്യക്തമാകും. മറ്റെല്ലാ വിശദീകരണങ്ങളും തെറ്റാണ്. പക്ഷേ പലരും ഇതു മനസ്സിലാക്കാതെ സ്വയവഞ്ചനയിൽ കാലം കഴിക്കുന്നു. അവരുടെ ധാരണ തങ്ങളുടെ ആത്മീയ

പ്രശ്നങ്ങളുടെ ഉറവിടം മറ്റെവിടെയോ ആണെന്നാണ്. ഇതോ, അതോ, ഈ വ്യക്തിയോ, ആ സാഹചര്യമോ എന്നിങ്ങനെ അവർ പ്രശ്നങ്ങളുടെ കാരണം തേടുന്നത് തങ്ങൾക്കു വെളിയിലാണ്!

ഒരു കാര്യം ഓർക്കുക: ദൈവം ആരിലെങ്കിലും കൂടുതൽ താഴ്മ കണ്ടാൽ ആ വ്യക്തിക്ക് ഉടനെ കൂടുതൽ വെളിച്ചം, ശക്തി, സഹായം എന്നിവ നൽകും.

ഓരോരുത്തരും തങ്ങളെക്കുറിച്ച് എന്താണ് ചിന്തിക്കുന്നതെന്ന് മറ്റുള്ളവരിൽനിന്നു മറച്ചുവയ്ക്കുന്നു. പക്ഷേ കൃപ നൽകുന്ന ദൈവത്തെ മറയ്ക്കുവാൻ കഴിയുകയില്ല. ദൈവം കൃപ നൽകാതിരിക്കുകയും ആളുകളോട് എതിർത്തുനിൽക്കുകയും ചെയ്യുമെന്ന് നാം അറിഞ്ഞിരിക്കണം. എല്ലാം ദൈവത്തിന്റെ കരങ്ങളിലാണ്. എല്ലാറ്റിനേയും അവിടുന്ന് നിയന്ത്രിക്കുന്നു. രക്ഷിക്കുന്നവനും എല്ലാറ്റിനേയും സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നവനും അവിടുന്നാണ്. ദൈവം മുറിക്കുകയും മുറികെട്ടുകയും ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു.

നമ്മെ രക്ഷിക്കുവാൻ ദൈവത്തിന് അതിയായ ആഗ്രഹമുണ്ട്. പക്ഷേ അവിടുന്നു തന്റെ നിയമങ്ങൾക്കനുസരിച്ചേ പ്രവർത്തിക്കൂ. അതിനു മാറ്റമില്ല. യാതൊരു സാഹചര്യത്തിലും ദൈവം നിഗളിയായ ഒരുവനു കൃപ നൽകുകയില്ല.

ജീവിതകാലം മുഴുവൻ ഈ ഒരു സത്യത്തിൽ പിടിച്ചുകൊള്ളുക: ദൈവത്തെ കൂടുതൽ കൂടുതൽ അറിയുക എന്നതാണു നിങ്ങളുടെ ആത്മാർത്ഥമായ ആഗ്രഹമെങ്കിൽ നിരന്തരം നിങ്ങളെ തന്നെ താഴ്ത്തുക. അങ്ങനെയെങ്കിൽ വഴിതെറ്റിപ്പോകാതെ, ഒടുവിൽ അന്ധകാരത്തിൽ അവസാനിക്കാതെ, നിങ്ങൾ എന്നും സൂക്ഷിക്കപ്പെടും.

**നിങ്ങളെക്കുറിച്ചു തന്നെ ഉയർന്ന ചിന്തകൾ പുലർത്തുമ്പോഴാണ് നിങ്ങൾക്ക് ആശ്വാസം ഇല്ലാതാകുന്നത്. മറ്റുള്ളവരെക്കാൾ പല കാര്യങ്ങളും നന്നായിട്ടറിയാവുന്നത് നിങ്ങൾക്കാണെന്നു തോന്നുന്നുവെന്നിരിക്കട്ടെ. അതിന്റെ ഫലമായി ചുറ്റുമുള്ളവരുമായി അഭിപ്രായ വ്യത്യാസമുണ്ടാകും. ആശ്വാസവും സമാധാനവും നഷ്ടപ്പെട്ട അവസ്ഥയിലേക്കു കാര്യങ്ങൾ ചെന്നെത്തും.**

ഈ ലേഖനം വായിക്കുന്നവരിൽ എത്രപേർ ദൈവത്തിന്റെ അടിസ്ഥാനപരവും മൗലികവുമായ നിയമത്തെ തങ്ങളുടെ ഹൃദയങ്ങളിൽ ഏറ്റുകൊള്ളും എന്നെനിക്കറിഞ്ഞുകൂടാ. നിങ്ങളുടെ ബൈബിളിൽ യാക്കോബ് 4:6 പ്രത്യേകം അടിവരയിട്ടു സൂക്ഷിക്കുക: 'ദൈവം നിഗളികളോട് എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു. ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ. പിശാചിനോട് എതിർത്തു നിൽപ്പിൻ.'

എന്തുകൊണ്ടാണ് നാം പിശാചിനോട് എതിർത്തുനിൽക്കണം എന്നു പറഞ്ഞിരിക്കുന്നത്?

കാരണം അവനാണു നാം ചീർത്തുപോകുകയും ഉന്നത ചിന്ത ഉണ്ടാകുകയും ചെയ്യാൻ വേണ്ടി

നമ്മുടെ ചെവിയിൽ ഓരോന്നു മന്ത്രിക്കുന്നത്.

എല്ലാം നന്നായി പോകുമ്പോൾ പിശാചു വന്നു മന്ത്രിക്കും "ഇപ്പോൾ നീ സത്യത്തിൽ വലിയ ഒരാളാണ്. നിന്നെ സംബന്ധിച്ചു പല പ്രത്യേകതകളും ഉണ്ട്." അവന്റെ മന്ത്രണങ്ങൾക്കു ചെവി കൊടുക്കരുതേ. അവന്റെ പ്രധാനലക്ഷ്യം നിങ്ങളെ നിഗളത്തിലേക്കു തള്ളി വിടുകയെന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ ഈ ലോകത്തിലെ ആദ്യദിവസം മുതൽ അവസാനദിവസം വരെ നമ്മുടെ ജീവിതത്തിലെ എല്ലാം നിർണ്ണയിക്കുന്ന ഒരേ ഒരു ഘടകം താഴ്മയാണ്. നല്ലതും മഹത്വപൂർണ്ണവുമായി നാം ചെയ്യുന്ന മറ്റു പലതുമുണ്ടാകാം. പക്ഷേ അവയൊന്നും നിർണ്ണായകമല്ല. നമ്മെ രൂപാന്തരപ്പെടുത്തുകയുമില്ല. എല്ലാ രൂപാന്തരത്തിനും പിന്നിലുള്ളതു താഴ്മയാണ്.

യേശു പറഞ്ഞു: അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും" (മത്തായി 11:28, 29)

തന്നിൽ നിന്നു നാം പഠിക്കാൻ കർത്താവ് ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം ഹൃദയത്തിലെ താഴ്മയാണ്. ഇതു പഠിച്ചാൽ മറ്റെല്ലാ കാര്യങ്ങളിലേയ്ക്കുമുള്ള വഴി നാം പഠിച്ചു കഴിഞ്ഞു.

യേശുവിനു പറയാമായിരുന്നു 'എന്നിൽനിന്നു പഠിപ്പീൻ, ഞാൻ നീതിയുള്ളവനാണ് അല്ലെങ്കിൽ സ്നേഹമുള്ളവനാണ്........' എന്നിങ്ങനെ. പക്ഷേ യേശു അതല്ല പറഞ്ഞത്. സൗമ്യതയും താഴ്മയുമാണ് തന്നിൽനിന്ന് ആദ്യമായി പഠിക്കേണ്ടതെന്നാണ് അവിടുന്നു പറഞ്ഞത്.

തന്നിൽ നിന്നു പഠിച്ചാൽ നമ്മുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും എന്ന് യേശു തുടർന്നു പറയുന്നു. പാപത്തിൽ നിന്നുള്ള രക്ഷയുടെ ഫലമാണ് ദൈവത്തിലുള്ള ആശ്വാസം. ഈ ലോകക്കാരുടെ മുഖമുദ്ര ആശ്വാസമില്ലായ്മയാണ്. ഓരോ പാപിയെക്കുറിച്ചും പറയാവുന്ന സത്യസന്ധമായ സാക്ഷ്യം 'അവർക്ക് ആശ്വാസം ഇല്ല' എന്നതല്ലേ?

നിങ്ങളെക്കുറിച്ചു തന്നെ ഉയർന്ന ചിന്തകൾ പുലർത്തുമ്പോഴാണ് നിങ്ങൾക്ക് ആശ്വാസം ഇല്ലാതാകുന്നത്. മറ്റുള്ളവരെക്കാൾ പല കാര്യങ്ങളും നന്നായിട്ടറിയാവുന്നത് നിങ്ങൾക്കാണെന്നു തോന്നുന്നുവെന്നിരിക്കട്ടെ. അതിന്റെ ഫലമായി ചുറ്റുമുള്ളവരുമായി അഭിപ്രായവ്യത്യാസമുണ്ടാകും. ആശ്വാസവും സമാധാനവും നഷ്ടപ്പെട്ട അവസ്ഥയിലേക്കു കാര്യങ്ങൾ ചെന്നെത്തും.

ഈ ഉന്നതചിന്തയ്ക്കു നൂറ് നൂറ് ഉദാഹരണങ്ങൾ നിത്യജീവിതത്തിൽ നിന്നു കണ്ടെത്തുവാൻ കഴിയും. വീട്ടിലും ചുറ്റുപാടിലും നടക്കുന്ന കൊച്ചുകൊച്ചു കാര്യങ്ങളിൽ പലതിനെക്കുറിച്ചും 'ഏറ്റവും ശരിയായതെന്താണ് എനിക്കറിയാം' എന്നു നിങ്ങൾക്കു തോന്നാറുണ്ടോ? ഉന്നതചിന്തയും നിഗളവും തന്നെയാണത്.

ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നുവെന്നു നാം കണ്ടു. ദൈവം അവരുടെ എതിരാളിയാണെന്നു സാരം. ദൈവത്തിൽ നിന്നു കൃപ ലഭിക്കുന്നില്ല എന്നതിനെക്കാൾ ഭയങ്കരമല്ലേ ദൈവം നമ്മുടെ എതിരാളിയായി മാറിയാലത്തെ സ്ഥിതി? ദൈവം തന്നെ എതിരാളിയായാൽ

## യേശുവിന്റെ പരീക്ഷകൾ.....2

# നമ്മെ ശക്തരാക്കാൻ പരീക്ഷകൾ

**സാക് പുന്നൻ**

**വി**ശുദ്ധി ആരോഗ്യം പോലെയാണ്. പൂർണ്ണാരോഗ്യവാന്മാരായിരിക്കാൻ നമുക്കു വ്യായാമം ആവശ്യമാണ്. അപ്പോൾ മാത്രമേ രോഗത്തോടു ചെറുത്തു നിൽക്കുവാൻ നമുക്കു കഴിയുകയുള്ളൂ. ആത്മികമായും അങ്ങനെ പൂർണ്ണരായിത്തീരണമെങ്കിൽ നാം പരീക്ഷകളിൽക്കൂടി കടന്ന് അവയെ ജയിക്കേണ്ടതാണ്. പരീക്ഷകളെ നേരിടാതെ നാം ഒഴിഞ്ഞുകളയുന്നുവങ്കിൽ നമുക്ക് ഒരിക്കലും പൂർണ്ണരായിത്തീരുവാൻ കഴിയുന്നില്ല. വിലക്കപ്പെട്ട വൃക്ഷം ദൈവം തോട്ടത്തിന്റെ നടുവിൽ വച്ചത് എന്തുകൊണ്ടെന്ന് ഇതു സൂചിപ്പിക്കുന്നു. അതു പാപത്തെ ജയിച്ചു വിശുദ്ധനായിത്തീരാൻ ഒരു അവസരം ആദാമിനു നൽകി. നാം പരീക്ഷകളെ ഭയപ്പെടേണ്ട ആവശ്യമില്ല. സഹിക്കുവാൻ കഴിയുന്നതിൽ അധികമായി പരീക്ഷകളെ ഭയപ്പെടേണ്ട ആവശ്യമില്ല. സഹിക്കുവാൻ കഴിയുന്നതിൽ അധികമായി പരീക്ഷിക്കുകയില്ലെന്ന് 1 കൊരി. 10:13-ൽ കർത്താവു നമുക്ക് ഉറപ്പു തന്നിട്ടുണ്ടല്ലോ.

പരീക്ഷകളിലും പരിശോധനകളിലും കൂടി എത്ര വലിയ പ്രയോജനം നമുക്കു സിദ്ധിക്കാം എന്നു സൂചിപ്പിക്കുന്ന ശ്രേഷ്ഠമായ ഒരു പഴയനിയമഭാഗമാണു സങ്കീ. 66:10 - 12. തീയും വെള്ളവും നമ്മെ ആത്മികമായി സമ്പന്നർ മാത്രമല്ല, ആത്മികമായി ആരോഗ്യവാന്മാരുമാക്കുന്നതാണ്. നമുക്കുള്ള അതേ പരീക്ഷകളാൽ തിരുവചനത്തിൽ കാണുന്ന എല്ലാ ദൈവമനുഷ്യരും പരീക്ഷിക്കപ്പെട്ടവരാണ്. യാക്കോ. 5:17 ൽ നാം അഭിമുഖീകരിക്കുന്ന അതേ വികാരങ്ങളെയും മോഹങ്ങളെയും ഏലിയാവുപോലും തരണം ചെയ്യേണ്ടിയിരുന്നുവെന്നു പറയുന്നു. ഈ ദൈവമനുഷ്യർ പരീക്ഷകളെ ജയിച്ചതുകൊണ്ടാണു ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെട്ട ബലവാന്മാരായിത്തീർന്നത്. നമ്മെ ശോധന ചെയ്യുന്നതിനു പരീക്ഷകൾ വരുവാൻ ദൈവം അനുവദിക്കും. ദൈവത്താൽ ഉപയോഗിക്കപ്പെടേണ്ടവരെല്ലാം ശോധനയിലൂടെ കടന്നുപോ

---

സഹായം എവിടെനിന്നുവരും?

അതുകൊണ്ട് ഉന്നത ചിന്ത പുലർത്തുന്നതു വലിയ ഭോഷത്തവും ഭ്രാന്തുമാണ്. താഴ്മയുള്ളവരായിരിക്കുന്നതാണ് ഏറ്റവും വിവേകപൂർണ്ണം.

ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളൂ എന്ന മട്ടിൽ ഓടുവാനാണു തിരുവെഴുത്തിൽ എഴുതിയിരിക്കുന്നത്. താഴ്മയുടേയും സൗമ്യതയുടേയും പിന്നാലെ ഓടുക. എങ്കിൽ നിങ്ങളായിരിക്കും ഏറ്റവും വിവേകശാലി. സംശയമില്ല.

❖

ഭക്ഷണം, വിശ്രമം, ലൈംഗികാഭിലാഷപൂരണം ഇവയെല്ലാം നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന സ്വാഭാവികവാസനകളാണ്; അവ ന്യായമായി തൃപ്തിപ്പെടുത്തുന്നതിനുള്ള വഴികളും ദൈവം ഒരുക്കിയിട്ടുണ്ട്. ഈ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനു ദൈവം നിർണ്ണയിച്ചിരിക്കുന്ന മാർഗ്ഗങ്ങൾക്കു വെളിയിലായി നാം അവയെ തൃപ്തിപ്പെടുത്തുന്നതിനു ശ്രമിക്കുകയോഅമിതാസക്തി പ്രകടിപ്പിക്കുകയോ ചെയ്യുമ്പോൾ നാം പാപം ചെയ്യുന്നു.

കണം. നാം ഏകരായിരിക്കുമ്പോൾ നമുക്കു നേരിടുന്ന പരീക്ഷകൾ കൂടുതൽ പരസ്യമായ ശുശ്രൂഷയ്ക്കായുള്ള നമ്മുടെ യോഗ്യതയെ തെളിയിക്കുവാനുള്ളവയാണ്. പരീക്ഷകളെ ജയിക്കുന്നതു നീന്തുവാൻ അഭ്യസിക്കുന്നതുപോലെയാണ്. ഒരു ദിവസം കൊണ്ടു നീന്തൽ അഭ്യസിക്കുവാൻ കഴിയുന്നതല്ല. എന്നാൽ നിങ്ങൾക്ക് ഉറച്ച തീരുമാനമുണ്ടെങ്കിൽ എന്നെങ്കിലും ആ വിദ്യ കരസ്ഥമാക്കാൻ സാധിക്കും. പിന്നീടു ജലത്തെ നിങ്ങൾക്കൊട്ടും ഭയപ്പെടേണ്ടതില്ല. അതു പോലെ നാം ഉറച്ചുനിൽക്കുമെങ്കിൽ ക്രിസ്തുവിൽ പാപത്തെ ജയിക്കുന്ന രഹസ്യം നാം പഠിക്കും. അങ്ങനെ പാപത്തെ ഭയപ്പെടാത്തവരായി തീരും.

മത്താ. 4-ാം അധ്യായത്തിൽ കർത്താവായ യേശുക്രിസ്തു അഭിമുഖീകരിച്ച മൂന്നു പരീക്ഷകളെക്കുറിച്ചു ചുരുക്കമായി ചിന്തിക്കാം. അവയെപ്പറ്റി പഠിക്കുമ്പോൾ അതേ രീതിയിൽത്തന്നെയാണു ശത്രു നമ്മുടെ അടുക്കൽ വരുന്നതെന്നും കാണുവാൻ സാധിക്കും. ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്ന മൂന്നു പരീക്ഷകൾ, നാൽപതു ദിവസത്തെ പരീക്ഷകൾക്കുശേഷം അവസാനമായി കർത്താവിനെ നിലംപതിപ്പിക്കുന്നതിനുള്ള അന്ത്യശ്രമമാണ് എന്നു തോന്നുന്നു. പിശാചിന്റെ കൈയിലുണ്ടായിരുന്ന അവസാനത്തെ മൂന്നായുധങ്ങളായിരുന്നു അവ. എന്നാൽ അവ മൂന്നിനെയും കർത്താവു ജയിച്ചു.

ഒന്നാമത്തെ പരീക്ഷ ശരീരത്തിന്റെ സ്വാഭാവികതാൽപര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ഇവിടെ അതു ഭക്ഷണത്തിനുള്ള ആഗ്രഹത്തിന്റെ രൂപത്തിലാണുണ്ടായത് (വാ. 3, 4). ഹവ്വയും ഏശാവും ഇതേ രീതിയിൽ പരീക്ഷിക്കപ്പെട്ടു (ഉൽപ. 3:6;25:34) എന്നതു ശ്രദ്ധേയമാണ്. എന്നാൽ അവർ പരാജയപ്പെട്ടിടത്തു യേശു വിജയിച്ചു. ശരീരത്തിന്റെ സ്വാഭാവികതാൽപര്യങ്ങൾക്കുവേണ്ടി ദൈവം നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ച് അവയെ തൃപ്തിപ്പെടുത്തുന്നതിന് ഇന്നും സ്ത്രീപുരുഷന്മാരെ ശത്രു സമീപിക്കുന്നുണ്ട്. ഭക്ഷണം, വിശ്രമം, ലൈംഗികാഭിലാഷപൂരണം ഇവയെല്ലാം നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന സ്വാഭാവികവാസനകളാണ്; അവ ന്യായമായി തൃപ്തിപ്പെടുത്തുന്നതിനുള്ള വഴികളും ദൈവം ഒരുക്കിയിട്ടുണ്ട്. ഈ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനു ദൈവം നിർണ്ണയിച്ചിരിക്കുന്ന മാർഗ്ഗങ്ങൾക്കു വെളിയിലായി നാം അവയെ തൃപ്തിപ്പെടുത്തുന്നതിനു ശ്രമിക്കുകയോ അവയിൽ അമിതാസക്തി പ്രകടിപ്പി

ക്കുകയോ ചെയ്യുമ്പോൾ നാം പാപം ചെയ്യുന്നു. ഇക്കാര്യത്തിൽ സാത്താൻ വളരെ സൂത്രത്തിൽ നമ്മെ പരീക്ഷിക്കുന്നു. പാപം ചെയ്യുവാൻ പരസ്യമായി പ്രേരിപ്പിക്കുകയില്ല; പിന്നെയോ അന്യായമായ മാർഗ്ഗത്തിൽക്കൂടി ന്യായമായ ഒരു ശാരീരിക വാസനയെ തൃപ്തപ്പെടുത്തുവാനുള്ള ഒരു വിളി മാത്രം. ഭക്ഷണകാര്യത്തിൽ നാം അമിതാസക്തിക്കു കീഴടങ്ങിയാൽ ഒരു ദിവസം പോലും ഭക്ഷണം ഇല്ലാതെ കഴിയുവാൻ നിവൃത്തിയില്ലാത്ത ഭക്ഷണപ്രിയരായി നാം മാറും. ദൈവത്തിനു വേണ്ടി നാം പ്രയോജനപ്പെടുന്നതിനെ അതു സാരമായി ബാധിക്കുകയും ചെയ്യും. പ്രഭാതത്തിൽ കിടക്കയിൽ നിന്ന് എഴുന്നേറ്റു ദൈവത്തോടുകൂടെ അൽപസമയം ചെലവഴിക്കാനുള്ള ശിക്ഷണം ലഭിക്കാതെ ഉറക്കപ്രിയന്മാരായിരിക്കുന്നതും ഇതുപോലെതന്നെയാണ്.

പാശ്ചാത്യരാജ്യങ്ങളിൽ ഇന്ന് 'ആധുനികസന്മാർഗ്ഗ'ത്തിനു കൂട്ടുനിൽക്കുന്ന ഒട്ടധികം പേരെ പിശാചു തന്റെ അനുയായികളായി കണ്ടിട്ടുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ, ഈ തത്വശാസ്ത്രം പൗരസ്ത്യദേശങ്ങളിലേക്കും നുഴഞ്ഞുകയറുന്നുണ്ട്. ലൈംഗികരംഗത്തു യാതൊരു നിയന്ത്രണവും പാലിക്കേണ്ടതില്ലെന്നാണ് അതു പഠിപ്പിക്കുന്നത്. സമ്പൂർണ്ണസ്വാതന്ത്ര്യം എന്ന ഈ തത്വശാസ്ത്രം ഇന്നു ധാരാളം പേർ വിഴുങ്ങുന്നുണ്ട്. സത്യത്തെ സ്നേഹിക്കുന്നതിനുള്ള അവരുടെ വൈമനസ്യം ഒരു നുണ വിശ്വസിക്കുന്നതിൽ അവരെ എത്തിച്ചിരിക്കുന്നു (2തെസ്സ.2:10-12).

ശിംശോനും ദാവീദും സാത്താനാൽ ജഡേച്ഛയിലേക്കു വശീകരിക്കപ്പെട്ടു. ദാവീദിനു ഗോല്യാത്തിനെ ജയിക്കുവാൻ കഴിഞ്ഞു; എന്നാൽ സ്വന്ത മോഹത്തെ ജയിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്തു വീണിട്ടുള്ള അനേകം വീരന്മാരുണ്ട്. ഈ രംഗത്ത് അലക്ഷ്യതയോ ശിക്ഷണരാഹിത്യമോ ഒരുവനെ പെട്ടെന്നു ശത്രുവിന്റെ ലക്ഷ്യമാക്കിത്തീർക്കും. ഉദാഹരണമായി സ്ത്രീകളുടെ ആധുനിക വസ്ത്രധാരണരീതിയെടുക്കാം. ഇന്നത്തെ വസ്ത്രധാരണം ഉൽപ. 3:21-ൽ വെളിപ്പെടുത്തിയിട്ടുള്ളപ്രകാരം ദൈവം മറയ്ക്കണമെന്ന് ഉദ്ദേശിച്ചിട്ടുള്ള ഭാഗങ്ങൾ കൂടുതൽ നഗ്നമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് എന്നു തോന്നിപ്പോകുന്നു. സിനിമ, ചുവർ പരസ്യങ്ങൾ ഇവയിൽ കാണുന്ന നഗ്നശരീരപ്രദർശനത്തോടുകൂടിയുള്ള പരിഷ്കാരമാതൃകകൾ മനുഷ്യരെ തങ്ങളുടെ മോഹങ്ങളിൽ അടിമപ്പെടുത്തുന്നതിനു വേണ്ടി ശത്രു കരുതിക്കൂട്ടി പ്രയോഗിച്ചിട്ടുള്ള തന്ത്രത്തിന്റെ ഒരു ഭാഗം മാത്രമാണ്.

ഇന്നത്തെ വസ്ത്രധാരണം ദൈവം മറയ്ക്കണമെന്ന് ഉദ്ദേശിച്ചിട്ടുള്ള ഭാഗങ്ങൾ കൂടുതൽ നഗ്നമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് എന്നു തോന്നിപ്പോകുന്നു. സിനിമ, ചുവർ പരസ്യങ്ങൾ ഇവയിൽ കാണുന്ന നഗ്നശരീരപ്രദർശനത്തോടുകൂടിയുള്ള പരിഷ്കാരമാതൃകകൾ മനുഷ്യരെ തങ്ങളുടെ മോഹങ്ങളിൽ അടിമപ്പെടുത്തുന്നതിനു വേണ്ടി ശത്രു കരുതിക്കൂട്ടി പ്രയോഗിച്ചിട്ടുള്ള തന്ത്രത്തിന്റെ ഒരു ഭാഗം മാത്രമാണ്.

പുറംമോടിക്കും പ്രകടനാത്മ കതയ്ക്കും വേണ്ടിയുള്ള ഭ്രാന്ത് ഇന്നു വളരെയുണ്ട്. തങ്ങളുടെ ദൈവവിശ്വാ സത്തെ പ്രദർശിപ്പിക്കുവാൻ സാഹസികവും വിരോചിതവു മായ ചിലതെല്ലാം പ്രവർത്തി ക്കുവാൻ പിശാചു വിശ്വാസി കളെ നിരന്തരമായി പ്രേരി പ്പിച്ചു കൊണ്ടിരിക്കുകയാണ്. ഈ സാത്താന്യപ്രേരണ കൾക്കു വശംവദരായി പലരും ദൈവം തങ്ങൾക്കു വേണ്ടി ക്രമീകരിച്ച പാത യിൽനിന്നു പൂർണ്ണമായി വഴുതിപ്പോയിട്ടുണ്ട്.

ഈ ദുഷ്കാലങ്ങളിൽ ജഡിക ആഗ്ര ഹങ്ങളെ നാം കീഴ്പ്പെടുത്തണമെ ങ്കിൽ ഇയ്യോബിനെപ്പോലെ നാം കണ്ണുകളെ ശിക്ഷണത്തിൽ നിർത്തേണ്ടതാണ് (ഇയ്യോ. 31:1). ജഡികതാൽപര്യങ്ങളെ ജ്വലിപ്പി ക്കുന്ന യാതൊന്നും കാണുവാനോ വായിക്കുവാനോ നാം ഒരുമ്പെടരുത്. തന്റെ കണ്ണുകളെ നിയന്ത്രിക്കാത്ത തുകൊണ്ടാണു ദാവീദ് പാപം ചെയ്തത് (2 ശമു. 11:2). അങ്ങനെ ഒരു നല്ല പാഠം പഠിച്ചശേഷം തന്റെ കണ്ണുകളെ ശിക്ഷണത്തിൽ നിർത്ത ണമെന്ന് അവൻ പിന്നീടു ദൈവ ത്തോടു പ്രാർത്ഥിച്ചു (സങ്കീ. 119:37). ഇതു നമ്മുടെയും ശ്രദ്ധാപൂർവമായ പ്രാർത്ഥനയാക്കുന്നതു കൊള്ളാം.

സ്വാഭാവികവാസനകളിൽ അമി താസക്തനാകുന്നതു കർത്തൃ ശുശ്രൂഷയിൽ തന്നെ ഉപയോഗ്യശൂ ന്യനാക്കുമെന്നു പൗലോസ് അപ്പോ സ്തലനു നല്ല ബോധം ഉണ്ടായിരു ന്നു. അതിനാൽ തന്റെ ശരീരത്തെ അവൻ കർശനശിക്ഷണത്തിലാക്കി, നിരന്തരമായി ദൈവത്തിനു വിധേയ മാക്കിയിരുന്നു (1 കൊരി. 9:27). ഈ രംഗത്തുണ്ടായ ശിക്ഷണരാഹിത്യം മൂലം അനേകായിരങ്ങൾ കർത്തൃശു ശ്രൂഷയിൽ അയോഗ്യരാക്കപ്പെട്ടിട്ടു ണ്ട്.

രണ്ടാമതു യേശുക്രിസ്തുവിനു ണ്ടായ പരീക്ഷ സാഹസം പ്രവർത്തിക്കാനുള്ള പ്രലോഭനമായി രുന്നു. ദൈവാലയത്തിന്റെ അഗ്ര ത്തിൽനിന്നു ഹാനി തട്ടാതെ താഴെ മുറ്റത്തുള്ള ജനക്കൂട്ടത്തിന്റെ നടുവി ലേക്കു ചാടുവാനാണു പിശാച് അവ നോടാവശ്യപ്പെട്ടത്. സംരക്ഷണത്തി നായി സങ്കീ. 91:11,12 അവകാശപ്പെട ണം. ദൈവത്തിലുള്ള തന്റെ ആശ്രയം പ്രദർശിപ്പിക്കുവാനായി പ്രകടമായ എന്തെങ്കിലും ഒന്നു ചെയ്യുവാനുള്ള പ്രേരണയാണിത്. ചാടാൻ ദൈവം തന്നോടാവശ്യപ്പെ ടാതെ തന്നെ ചാടി ദൈവാശ്രയം വെളിപ്പെടുത്തുവാനുള്ള പരീക്ഷ.

പുറംമോടിക്കും പ്രകടനാത്മക തയ്ക്കും വേണ്ടിയുള്ള ഭ്രാന്ത് ഇന്നു വളരെയുണ്ട്. ചില ക്രൈസ്തവവിഭാ ഗങ്ങൾ അതിനു കീഴ്പ്പെട്ടുപോയിട്ടു ണ്ട്. തങ്ങളുടെ ദൈവവിശ്വാസത്തെ പ്രദർശിപ്പിക്കുവാൻ സാഹസികവും വിരോചിതവുമായ ചിലതെല്ലാം പ്രവർത്തിക്കുവാൻ പിശാചു വിശ്വാ സികളെ നിരന്തരമായി പ്രേരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഈ സാത്താ ന്യപ്രേരണകൾക്കു വശംവദരായി പലരും ദൈവം തങ്ങൾക്കുവേണ്ടി ക്രമീകരിച്ച പാതയിൽനിന്നു പൂർണ്ണ മായി വഴുതിപ്പോയിട്ടുണ്ട്.

മറ്റനേകർ ദൈവത്തിന്റെ നടത്തി പ്പിനും സമയത്തിനും വേണ്ടി കാത്തിരിക്കാതെ ചില പ്രവർത്തന ങ്ങൾക്കായി ചാടിപ്പുറപ്പെട്ടു തങ്ങ ളുടെ ജീവിതത്തെ താറുമാറാക്കിയി

ട്ടുണ്ട്. ആരോ പറഞ്ഞതുപോലെ "നമുക്കു ദൈവത്തിന്റെ സംരക്ഷണം വേണമെങ്കിൽ നാം അവന്റെ സമയത്തും അവന്റെ വേഗതയിലും മുമ്പോട്ടു പോകുന്നവരായിരിക്കണം." പിതാവിന്റെ നിർദ്ദേശാനുസരണം പിതാവിന്റെ ഇഷ്ടത്താലും സമയത്താലും മാത്രം ഭരിക്കപ്പെട്ടു മുമ്പോട്ടു നീങ്ങുന്നതിനുപകരം ഒരിക്കലും പിശാചിന്റെയോ മനുഷ്യരുടെയോ പ്രേരണയ്ക്കു വിധേയനാകാത്ത ഒരുവന്റെ പൂർണ്ണമായ ദൃഷ്ടാന്തം യേശുക്രിസ്തുവിന്റെ ജീവിതമാണ്. "എന്റെ സമയം ഇതുവരെ വന്നിട്ടില്ല" എന്ന്, അതായത് "എനിക്ക് എന്റെ പിതാവു പറയുമ്പോൾ മാത്രമേ മുമ്പോട്ടു നീങ്ങുവാൻ കഴിയൂ" എന്ന്, തന്നെ നിർബന്ധിക്കുന്നവരോട് അവൻ പറയുമായിരുന്നു. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കാതെ തിടുക്കം കാണിച്ചതിനാൽ ശൗൽരാജാവിനു രാജ്യം നഷ്ടപ്പെട്ടു (1ശമു.13:8-14). ഈ കാരണം കൊണ്ടുതന്നെ അനേകം വിശ്വാസികൾക്കു ദൈവത്തിൽ നിന്നു തങ്ങൾക്കു ലഭിക്കേണ്ട ഏറ്റവും ഉത്തമമായതു നഷ്ടപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, അനേകരും വിവാഹകാര്യത്തിൽ ദൈവഹിതത്തിനുവേണ്ടി കാത്തിരിക്കാതെ അതിൽ തത്രപ്പെട്ടു പ്രവേശിക്കും. അതിനു ശേഷം സൗകര്യമായിരുന്ന് അനുതപിക്കുകയാണ്! സഹോദരീസഹോദരന്മാരേ, ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക. അങ്ങനെ കാത്തിരുന്നാൽ നിങ്ങൾക്കു ദുഃഖിക്കേണ്ടിവരികയില്ല. തനിക്കായി കാത്തിരിക്കുന്നവരെ അവൻ ഒരിക്കലും നിരാശപ്പെടുത്തുകയില്ല (യെശ. 49:23).

മൂന്നാമത്തെ പരീക്ഷയിൽ പിശാചു ലോകത്തിലെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും യേശുവിനെ കാണിച്ചു. താണുവീണു തന്നെ വന്ദിക്കുമെങ്കിൽ എല്ലാം യേശുവിനു കൊടുക്കാമെന്നു പിശാചു വാഗ്ദാനം ചെയ്തു. വീണ്ടും നമുക്കെല്ലാവർക്കും ഉണ്ടാകാവുന്ന ഒരു പരീക്ഷയാണിത്; വ്യക്തിപരമായ ലാഭങ്ങൾക്കായി നമ്മുടെ ക്രിസ്തീയ പ്രമാണങ്ങളിൽ വിട്ടുവീഴ്ച ചെയ്യുന്നതിനുള്ള പരീക്ഷ.

നമ്മുടെ പ്രമാണങ്ങളിൽ വിട്ടുവീഴ്ച വരുത്തി ശത്രുവിന്റെ മുമ്പിൽ മുട്ടുമടക്കാമെങ്കിൽ ഈ ലോകത്തിൽ നമുക്കു ലഭിക്കാവുന്ന ധാരാളം കാര്യങ്ങൾ ഉണ്ട്. അവയിൽ ഒന്നു പണമാണ്. നമ്മെ വളരെ ആകർഷിക്കുന്ന ഒന്നാണത്. അല്പം പണം കൂടെ സമ്പാദിക്കുന്നതിനു വിശ്വാസികൾ പലപ്പോഴും തങ്ങളുടെ നിലവാരം താഴ്ത്തുവാൻ പരീക്ഷിക്കപ്പെടാറുണ്ട്. നാം ജോലി അന്വേഷിക്കുമ്പോൾ ദൈവഹിതത്തെക്കാൾ അധികമായി നമ്മെ ഭരിക്കുന്ന പ്രമാണം നമുക്കു ലഭിക്കുന്ന ശമ്പളമല്ലേ? അങ്ങനെ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതമാകുന്ന ഒഴുക്കിൽ നിന്നു നമ്മെ വെളിയിലാക്കുന്നതിനു പിശാചിനു വളരെ എളുപ്പം സാധിക്കുന്നു. ബിലെയാമിന്റെ തെറ്റ് ഇതായിരുന്നു. അതുതന്നെ ഇന്ന് അനേകരും തെരഞ്ഞെടുക്കുന്നുണ്ട് (2 പത്രോ. 2:15; യൂദാ11; സംഖ്യാ. 22). ഇതു യഥാർത്ഥത്തിൽ ശത്രുവിനു മുട്ടു മടക്കുകയാണെന്നു നാം മനസ്സിലാക്കുന്നുണ്ടോ? ഇതു കൂടാതെ, അയോഗ്യമായ ലോകവഴിയിൽക്കൂടി 'ദൈവവേലയ്ക്കായി പണം ഉണ്ടാക്കുന്ന' (എന്നാണ് അവർ അതിനെ വിളിക്കുന്നത്) അനേക ക്രിസ്ത്യാനികളുണ്ട്. ലക്ഷ്യം എത്ര നല്ലതായിരുന്നാലും

അനീതിപരമായ മാർഗ്ഗങ്ങളിൽ കൂടി അതിൽ എത്തുവാൻ ദൈവം ഒരിക്കലും അനുവദിക്കുകയില്ല. ലോകത്തെ അനധികൃതമായി കൈവശപ്പെടുത്തിവച്ചിരിക്കുന്നവനു നാം മുട്ടു മടക്കിയിട്ട് അതിനെ ആദായപ്പെടുത്തണമെന്നു ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നില്ല. കർത്താവിനെ പൂർണ്ണമായി പിൻപറ്റുവാൻ ആഗ്രഹിക്കുന്നെങ്കിൽ പണത്തിന്റെ വശീകരണത്തെക്കുറിച്ചു നമുക്കു കരുതലുള്ളവരായിരിക്കാം. ദൈവത്തോടു പറ്റിച്ചേരണമെങ്കിൽ പണത്തെ വെറുക്കണമെന്നു ദൈവം നമുക്കു മുന്നറിയിപ്പു നൽകിയിട്ടുണ്ട് (ലൂക്കോ. 16:13).

പിന്നീടുള്ളതു സ്ഥാനമനങ്ങൾക്കുവേണ്ടിയുള്ള പ്രേരണയാണ്; പ്രസിദ്ധനോ പ്രമാണിയോ ആകുവാനുള്ള പരീക്ഷ. ലോകത്തിന്റെ ബഹുമാനം കാംക്ഷിക്കുന്ന ആത്മാവു ചെയ്യേണ്ട വിട്ടുവീഴ്ചകൾ അനേകമാണ്. ക്രിസ്തീയഗോളത്തിലും കർത്തൃശുശ്രൂഷയിൽ തന്നെയും ഈ പരീക്ഷ ഉണ്ടാകും. പ്രശസ്തിക്കുവേണ്ടിയുള്ള കാംക്ഷ നമ്മിലെല്ലാം ഉണ്ട്. 'വിരുന്നുസമ്മേളനത്തിന്റെ ജീവനും ആത്മാവും' ആയിരിക്കുക, എല്ലാ കണ്ണുകളുടെയും ശ്രദ്ധാകേന്ദ്രമായിരിക്കുക, ചുറ്റുമുള്ള എല്ലാവരെക്കാളും തലയെടുപ്പുണ്ടായിരിക്കുക, ഇതെല്ലാം നമുക്ക് ആത്മസംതൃപ്തി തരുന്ന കാര്യങ്ങളാണ്. ആരാധനാവേളയിൽ പോലും നാം മറ്റുള്ളവരെക്കാൾ നന്നായി പാടുന്നവരും, പ്രസംഗിക്കുന്നവരും മാത്രമല്ല പ്രാർത്ഥിക്കുന്നവരും ആണെന്നു പ്രദർശിപ്പിക്കാൻ എന്തൊരു പരീക്ഷയാണ്! നമ്മുടെ സഹവിശ്വാസികളെ താഴ്ത്തിയിട്ടു മറ്റുള്ളവരുടെ മുമ്പാകെ നമ്മെ ഉയർത്തുവാനുള്ള പരീക്ഷ നമുക്കുണ്ടാകുന്നു. ഇവയെല്ലാം പൂർണ്ണമായി ക്രിസ്തുവിന്റെ ആത്മാവിനു വിരുദ്ധമാണ്.

അല്ലെങ്കിൽ, ക്രിസ്തീയപ്രസംഗകനുണ്ടാകാവുന്ന മറ്റൊരു പ്രേരണയെപ്പറ്റി ചിന്തിക്കുക. കേൾവിക്കാർക്കു രുചികരമല്ലാത്ത വേദപുസ്തക ഉപദേശങ്ങൾ ഒഴിവാക്കുവാനും, പ്രസംഗത്തിൽ പാപത്തെയും മോഹത്തെയും കുറ്റപ്പെടുത്താതിരിക്കാനും, അങ്ങനെ 'വിശാലമനസ്കത' കാണിക്കുവാനും ക്രിസ്തീയ പ്രസംഗകർ പരീക്ഷിക്കപ്പെടുന്നത് എത്ര സാധാരണമാണ്! പണവും സ്വാധീനവുമുള്ള സഭാംഗങ്ങൾക്ക് ഇടർച്ച വരുത്തുന്നതിൽനിന്ന് ഒഴിഞ്ഞിരുന്നാൽ തന്റെ സ്വാധീനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കേൾവിക്കാരെ ലഭിക്കുന്നതിനും സാധിക്കും. എന്നാൽ അതിനു കൊടുക്കേണ്ട വില എന്ത്? ഈ പ്രേരണകളുടെ ഉദ്ഭവസ്ഥാനമായ പിശാചിനു മുട്ടു മടക്കുക എന്നതാണു വില. ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ ഇതുപോലെ പരീക്ഷിക്കപ്പെടാത്ത പ്രസംഗകന്മാർ വളരെ ചുരുക്കമാണ്. കഷ്ടമെന്നു പറയട്ടെ, ഈ വിട്ടുവീഴ്ചകളിലൊക്കെ അന്തർലീനമായിരിക്കുന്നതു ശത്രുവുമായുള്ള വേഴ്ചയാണ്. അതിനെപ്പറ്റി ഒട്ടും മനസ്സിലാക്കാതെ ഇന്നും അനേകർ വിട്ടുവീഴ്ചകൾക്കു തയ്യാറാകുന്നുണ്ട്.

യുവജനങ്ങൾക്കു പ്രധാനമായി പരീക്ഷ വരുന്ന ഒരു രംഗം അവരുടെ വിവാഹക്കാര്യമാണ്. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കുന്നതിൽ ഒന്നും നഷ്ടപ്പെടാനില്ലാതിരിക്കെ വിവാഹകാര്യത്തിൽ ധൃതിപ്പെടുന്നതിൽ ഉണ്ടാകുന്ന ദോഷത്തെപ്പറ്റി നാം പറഞ്ഞു കഴിഞ്ഞു.

*(ശേഷം പേജ് 38 ൽ)*

# അവിശ്വാസത്തിന്റെ മൂടൽമഞ്ഞ്

**ഇംഗ്ലീഷ്** ചാനൽ വിജയകരമായി നീന്തിക്കടന്നു പ്രസിദ്ധയായ ഫ്ളോറൻസ് ഛാഡ്‌ വിക്കിന്റെ അത്ര പ്രസിദ്ധമല്ലാത്ത ഒരു പരാജയ കഥയുണ്ട്. കാറ്റിലിന എന്ന ചെറു ദ്വീപിൽ നിന്നു കാലിഫോർണിയയുടെ തീരത്തേക്കു നീന്താൻ ഫ്ളോറൻസ് തീരുമാനിച്ചു. എല്ലാ മാധ്യമങ്ങളും അതിനു വൻ പ്രചാരണം നൽകി. ഫ്ളോറൻസിനു നിഷ്പ്രയാസം ലക്ഷ്യം നേടാൻ കഴിയുമെന്ന് എല്ലാവരും കണക്കുകൂട്ടി. പക്ഷേ കരയെത്തുന്നതിനു കേവലം അരമൈൽ ഇപ്പുറത്തു വച്ച് അവർ നീന്തൽ നിർത്തി ദൗത്യത്തിൽ നിന്നു പിൻമാറി. ഈ പരാജയത്തിന്റെ കാരണം പിന്നീടു ഫ്ളോറൻസ് തുറന്നു പറഞ്ഞു: 'മൂടൽമഞ്ഞ് കാരണം എനിക്കു കര കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ഞാൻ പിൻമാറിയത്. അരമൈൽ അകലെ മാത്രമാണു കര എന്നു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ തീർച്ചയായും നീന്തി കര പറ്റുമായിരുന്നു.'

നമ്മുടെ ജീവിതത്തിലും പലപ്പോഴും ഇങ്ങനെയാണ്. ദൈവസാന്നിധ്യത്തിന്റെ കരയെ അവിശ്വാസത്തിന്റെ മൂടൽ മഞ്ഞ് മറയ്ക്കുന്നു! ബൈബിളിലെ പുതിയ നിയമത്തിലെ ആദ്യഗ്രന്ഥമായ മത്തായി സുവിശേഷം അവസാനിക്കുന്നത് യേശുവിന്റെ ഈ വാക്കുകളോടെയാണ്: 'ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്', നമ്മുടെ ജീവിതത്തിന്റെ അന്ത്യം വരെ ഓരോ ദിവസവും ദൈവം നമ്മോടു കൂടെയുണ്ടെന്ന ഉറപ്പാണ് ഈ വചനം നമുക്കു നൽകുന്നത്. യേശുവിന്റെ മറ്റൊരു പേരായ 'ഇമ്മാനുവേലി'ന്റെ അർഥം തന്നെ ദൈവം നമ്മോടു കൂടെ എന്നാണല്ലോ. എന്നാൽ പ്രതിസന്ധികളുടെ നടുവിൽ ദൈവം നമ്മോടു കൂടെയുണ്ടെന്നും അവിടുന്ന് എല്ലാം നമ്മുടെ നന്മയ്ക്കായി കൂടിവ്യാപരിപ്പിക്കുന്നുവെന്നും ഉള്ള ഉറപ്പിനെ പലപ്പോഴും അവിശ്വാസത്തിന്റെ മൂടൽമഞ്ഞു വിഴുങ്ങിക്കളയുന്നു. ഫലം, സംശയം, അസമാധാനം, നിരാശ....

ഒരു പിതാവിനു തന്റെ കുഞ്ഞുങ്ങളോടു കരുണ തോന്നുന്നതു പോലെയാണ് ദൈവത്തിനു തന്റെ മക്കളോടു കരുണ തോന്നുന്നത് - സങ്കീർത്തനക്കാരന്റെ വരികളാണ്. പിതാവിനു കുഞ്ഞിനോടുള്ള അലിവ് എത്രയാണ്?

ഒരു പിതാവിന്റെ സ്നേഹവും കരുതലും നിശ്ചയദാർഢ്യവും യഥാർത്ഥ ത്തിൽ ആ കുഞ്ഞുങ്ങളെ ജീവിതത്തിലേക്കു മടക്കി ക്കൊണ്ടുവരികയായിരുന്നു. ഈ ലോകത്തിലെ ഒരു പിതാ വിന് ഇതു കഴിയുമെങ്കിൽ നമ്മോടുള്ള സ്വർഗീയ പിതാ വിന്റെ കരുതലും സ്നേഹവും എത്ര അധികം! ഈ ഉറപ്പിനെ അവിശ്വാസ ത്തിന്റെ മൂടൽമഞ്ഞ് വിഴു ങ്ങിക്കളയുവാൻ ഇടയാകാ തിരിക്കട്ടെ. വീണ്ടും ആ വാക്കുകൾ നമുക്കോർക്കാം. "ഞാനോ ലോകാവസാന ത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്."

നമ്മുടെ കാലഘട്ടത്തിൽ തന്നെ നടന്ന ഒരു സംഭവം ഇങ്ങനെ: റിക്ടർ സ്കെയിലിൽ 8.2 രേഖപ്പെ ടുത്തിയ ശക്തമായ ഒരു ഭൂമികു ലുക്കം 1989 ൽ അർമീനിയായിൽ ഉണ്ടായി. നാലു മിനിറ്റുകൊണ്ടു 30,000 പേരാണ് അന്നു കൊല്ലപ്പെട്ട ത്. വലിയ പരിഭ്രാന്തിയുടെയും നില വിളിയുടെയും ഇടയിൽ ഒരാൾ തന്റെ ഭാര്യയെ ഒരു വീട്ടിൽ സുരക്ഷിത മായി കൊണ്ടു ചെന്നാക്കിയശേഷം മകൻ പഠിക്കുന്ന സ്കൂളിലേക്ക് ഓടി. അവിടെ ചെന്നപ്പോൾ സ്കൂൾ കെട്ടിടം പപ്പടം പോലെ പൊടിഞ്ഞ് നിലംപരിചായിരിക്കുന്നു! ആദ്യത്തെ നടുക്കം മാറിയപ്പോൾ ആ പിതാവ് മകനു കൊടുത്തിരുന്ന ഒരു വാഗ്ദാനം ഓർത്തു- "എന്തു വന്നാലും ഞാൻ എപ്പോഴും നിനക്കു വേണ്ടി അവിടെ ഉണ്ടാകും." ഓർക്കു ന്തോറും ആ പിതാവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. എല്ലാ പ്രതീക്ഷ കളും അസ്തമിച്ചപോലെ . എന്നാൽ മകനു നൽകിയ വാഗ്ദാനത്തെക്കു റിച്ചുള്ള ഓർമയും പ്രിയ മകനോ ടുള്ള സ്നേഹവും ആ മനസ്സിൽ വേലിയേറ്റം സൃഷ്ടിച്ചപ്പോൾ ഒരു തീരുമാനം മെല്ലെ ശക്തി പ്രാപിക്കു കയായിരുന്നു. ദിവസവും മകനെ സ്കൂളിൽ കൊണ്ടു ചെന്നാക്കു മ്പോൾ അവൻ ഏതു ക്ലാസു മുറി യിലേക്കാണു കയറി പോകുന്ന തെന്ന് ആ നഷ്ടക്കൂമ്പാരത്തിന്റെ മുമ്പിൽ നിന്നു സങ്കൽപിക്കാൻ അദ്ദേഹം ശ്രമിച്ചു. പുറകിലത്തെ കെട്ടിടത്തിന്റെ വലത്തെ മൂലയിലാ ണല്ലോ ആ ക്ലാസ് മുറിയുടെ സ്ഥാനം. അദ്ദേഹം ആ ഭാഗത്തേക്ക് ഓടി ചെന്നു. അവിടെ കൂമ്പാരമായി കിടന്ന കല്ലും മണ്ണും തടിക്കഷണ ങ്ങളും മാറ്റാൻ തുടങ്ങി. അതുകണ്ട് മറ്റ് മാതാപിതാക്കളും അങ്ങോട്ടു ചെന്നു. എന്നാൽ അവരിൽ പലരും പ്രതീക്ഷയെല്ലാം അസ്തമിച്ച മട്ടിൽ കാഴ്ചക്കാരെപ്പോലെ അങ്ങിങ്ങു നിലയുറപ്പിക്കുകയാണു ചെയ്തത്. ചിലർ പലതും പറഞ്ഞു വിലപിക്കു ന്നുണ്ടായിരുന്നു. വേറെ ചിലർ മണ്ണു വാരി മാറ്റുന്ന ആ പിതാവിനെ 'നിരർഥകമായ' ആ പ്രവൃത്തിയിൽ നിന്നു പിൻതിരിപ്പിക്കാൻ ശ്രമിച്ചു. 'വളരെ താമസിച്ചു പോയി' ഇനി രക്ഷയില്ല. ആരും ശേഷിച്ചിട്ടില്ല' 'വെറുതെ എന്തിനു കഷ്ടപ്പെടുന്നു? വീട്ടിൽ പോകുക 'യഥാർഥ്യത്തെ അംഗീകരിക്കുക. നിങ്ങൾക്കിനിയും ഒന്നും ചെയ്യാൻ കഴിയുയില്ല' അങ്ങനെ പോയി അവരുടെ അഭി പ്രായ പ്രകടനങ്ങൾ. പക്ഷേ എന്ത്

അഭിപ്രായം പറഞ്ഞവരോടും ആ പിതാവിന് ഒരേയൊരു മറുപടിയേ ഉണ്ടായിരുന്നുള്ളൂ- ‘‘താങ്കൾ ഇപ്പോൾ എന്നെ സഹായിക്കുമോ?” ആരും അദ്ദേഹത്തെ സഹായിച്ചില്ല.

ഇതിനിടെ അഗ്നിശമനസേനയുടെ മേധാവി അവിടെയെത്തി. അദ്ദേഹം പറഞ്ഞു: “സ്ഫോടനങ്ങളും ചെറു ഭൂമി കുലുക്കങ്ങളും ഇപ്പോഴും തുടരുകയാണ്. ഇവിടം ഒട്ടും സുരക്ഷിതമല്ല. നിങ്ങൾ വീട്ടിൽ പോകൂ. ഇവിടെ ഞങ്ങൾ കാര്യങ്ങൾ നോക്കിക്കൊള്ളാം.” അതിനും ആ പിതാവിൽ നിന്ന് ഒരു മറുപടി മാത്രം ‘‘സർ, താങ്കൾ ഇപ്പോൾ എന്നെ സഹായിക്കുമോ?” പൊലീസ് രംഗത്തെത്തി: ‘‘നിങ്ങൾ കാര്യങ്ങൾ വെറുതെ വഷളാക്കുകയാണ്. മറ്റുള്ളവരെയും താങ്കൾ ബുദ്ധിമുട്ടിക്കുന്നു. വീട്ടിൽ പൊയ്ക്കോളൂ. ഇവിടെ വേണ്ടതു ചെയ്യാൻ ഞങ്ങൾ ഉണ്ടല്ലോ’’ അതിനും ഒരേയൊരു ഉത്തരം: “നിങ്ങൾ ഇപ്പോൾ എന്നെ സഹായിക്കുമോ?” ആരും സഹായിച്ചില്ല.

എന്നാൽ നിശ്ചയദാർഢ്യത്തോടെ ആ പിതാവു തന്റെ ജോലി തുടർന്നു. കാരണം അദ്ദേഹത്തിന് ഒരു കാര്യം അറിയണമായിരുന്നു- “എന്റെ മകൻ ജീവനോടെയുണ്ടോ, അതോ.....?’’ അയാൾ തുടർച്ചയായി എട്ടുമണിക്കൂർ കുഴിച്ചു കൊണ്ടിരുന്നു.... പിന്നെ 12 മണിക്കൂർ... 24 മണിക്കൂർ..... 36 മണിക്കൂർ..... 36-ാം മണിക്കൂറിൽ ഒരു വലിയ തടിക്കഷണം എടുത്തു മാറ്റുമ്പോൾ ആ പിതാവ് തന്റെ മകന്റെ സ്വരം കേട്ടു! അദ്ദേഹം നിലവിളിയോടെ മകനെ വിളിച്ചു: ‘അർമൻഡ്’ “ഡാഡി? ഇതു ഞാനാണ് ഡാഡ്! ഞാൻ മറ്റു കുട്ടികളോടു കരയേണ്ടന്നു പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. ഞാൻ അവരോടു പറഞ്ഞു “എന്റെ ഡാഡി ജീവനോടെയുണ്ടെങ്കിൽ എന്നെ രക്ഷിക്കും. അപ്പോൾ നിങ്ങൾക്കും രക്ഷപെടാം എന്ന്. എന്തു വന്നാലും ഞാൻ നിനക്കുവേണ്ടി അവിടെയുണ്ടാകുമെന്നു ഡാഡി വാഗ്ദാനം ചെയ്തിരുന്നല്ലോ” ‘അവിടെ എങ്ങനെയാണു നിങ്ങൾ കഴിയുന്നത്? എന്താണു നിങ്ങൾക്കു സംഭവിച്ചത്?’ ‘ഡാഡി ഞങ്ങളുടെ ക്ലാസിലെ 33 പേരിൽ 14 പേരും ഇവിടെ ജീവനോടെയുണ്ട്. ഞങ്ങൾക്കു വിശപ്പും ദാഹവുമൊക്കെയുണ്ടെങ്കിലും ഡാഡിയുടെ ശബ്ദം കേട്ടപ്പോൾ എല്ലാം മാറി. കെട്ടിടം വീണപ്പോൾ ഇവിടം ഒരു മൂലയായിരുന്നു. ഒരു ത്രികോണം പോലെ ബീമിൽ താങ്ങി ഈ ഭാഗം നിലം പൊത്താതെ നിന്നു. മണ്ണും കല്ലും എല്ലാം മുകളിൽ വീണ് ഒരു കൂമ്പാരമായെങ്കിലും അടിയിൽ ഞങ്ങൾ സുരക്ഷിതരാണു ഡാഡി.”

ചില യാഥാർത്ഥ സംഭവങ്ങൾ കഥകളെക്കാൾ വിചിത്രമായി തോന്നാം! എന്നാൽ ഒരു പിതാവിന്റെ സ്നേഹവും കരുതലും നിശ്ചയദാർഢ്യവും യഥാർത്ഥത്തിൽ ആ കുഞ്ഞുങ്ങളെ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരികയായിരുന്നു. ഈ ലോകത്തിലെ ഒരു പിതാവിന് ഇതു കഴിയുമെങ്കിൽ നമ്മോടുള്ള സ്വർഗീയ പിതാവിന്റെ കരുതലും സ്നേഹവും എത്ര അധികം! ഈ ഉറപ്പിനെ അവിശ്വാസത്തിന്റെ മൂടൽമഞ്ഞ് വിഴുങ്ങിക്കളയുവാൻ ഇടയാകാതിരിക്കട്ടെ.

വീണ്ടും ആ വാക്കുകൾ നമുക്കോർക്കാം. “ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്.”

❖

വചനദീപം

**വിശുദ്ധജീവിതം-19**

*കഴിഞ്ഞലക്കം തുടർച്ച*

# ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ ആധുനിക സാക്ഷികൾ

**സാമുവൽലോഗൻ ബ്രെങ്കിൾ**



**വി**ശുദ്ധ ജീവിതത്തിനുവേണ്ടി താല്പര്യത്തോടുകൂടെ അടുത്തുവന്ന ഒരു സ്ത്രീയോടുകൂടെ ഞാൻ പ്രാർത്ഥിക്കുവാൻ മുട്ടുകുത്തി. തനിക്കുള്ള സകലത്തേയും യേശുക്രിസ്തുവിനുവേണ്ടി ഉപേക്ഷിക്കുവാൻ അവൾ സന്നദ്ധയാണോ എന്ന് ഞാൻ അവളോടു ചോദിച്ചു. "ഉവ്വ്" എന്ന് അവൾ മറുപടി പറഞ്ഞു. ആഫ്രിക്കയിലേക്ക് ഒരു മിഷനറിയായി പോകുവാൻ നിനക്ക് സമ്മതമാണോ എന്ന് ഞാൻ തുടർന്ന് അവളോട് ചോദിച്ചു അതിന് "ഉവ്വ്" എന്ന് അവൾ മറുപടി പറഞ്ഞു. ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. പ്രാർത്ഥിക്കുമ്പോൾ അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് "എന്റെ കർത്താവെ" എന്നു ഉറക്കെ പറഞ്ഞു. അവൾ ഇപ്രകാരം യേശുക്രിസ്തുവിനെ അതിനുമുമ്പ് അറിഞ്ഞിരുന്നില്ല. തന്റെ ശബ്ദം അവൾ ഇതുപോലെ കേട്ട അനുഭവം ഉണ്ടായിട്ടില്ല. അന്ധനായ ഒരു മനുഷ്യന് കണ്ണു തുറന്നുകിട്ടിയപ്പോൾ അവന്റെ മുമ്പിൽ പ്രത്യക്ഷമായ മഴവില്ലിന്റെ ശോഭ അവനെ അത്ഭുതപ്പെടുത്തിയതുപോലെ ക്രിസ്തുവിന്റെ പുതിയ ദർശനം അവളെ അത്ഭുതപരതന്ത്രയാക്കിത്തീർത്തു. അവൾക്കു അവളോടു പറയുവാൻ ശ്രമിക്കുന്നത് സൂര്യനെ കാണിച്ചുകൊടുക്കുന്നതിന് ഒരു മെഴുകുതിരി ശ്രമിക്കുന്നതുപോലെ മാത്രമാണ്.

അവൾ അവനെ അറിയുകയും, സ്നേഹിക്കുകയും അവർണ്ണനീയമായ സന്തോഷത്താൽ അവനിൽ സന്തോഷിക്കുകയും ചെയ്തു. ആ സമയം മുതൽ അവൾ അവനെ അനുഗമിച്ചു. ആഫ്രിക്കയിലേക്ക് പോയി. അവിടെയുള്ള ജനത്തോട് ഈ ക്രിസ്തുവിനെക്കുറിച്ച് സാക്ഷിച്ചു.

ഈ സഹോദരി യേശുക്രിസ്തുവിന്റെ സാക്ഷിയായിത്തീർന്നു. അവൻ ജീവിക്കുന്നവനെന്ന് അവന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചാണ്

അവൾ സാക്ഷ്യം വഹിച്ചത്. ഇപ്രകാരമുള്ള സാക്ഷികളെയാണ് ഏതുകാലത്തും ആവശ്യം. അപ്പൊസ്തലന്മാരുടെ കാലത്ത് ആവശ്യമായിരുന്നതുപോലെ തന്നെ ഇക്കാലത്തും തന്റെ ഉയിർത്തെഴുന്നേല്പിന് സാക്ഷ്യം പറയുന്നവരെയാണ് ആവശ്യം. മനുഷ്യഹൃദയങ്ങൾ ദോഷം നിറഞ്ഞവയും മനുഷ്യർ അഹങ്കാരികളും സ്വാർത്ഥത നിറഞ്ഞവരും അവിശ്വാസികളും ആയിരുന്ന അക്കാലത്ത് അവരെ ദൈവത്തിലുള്ള വിശ്വാസത്തിലേക്ക് നടത്തുവാൻ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന് സാക്ഷ്യം വഹിച്ചവരെക്കൊണ്ട് മാത്രമേ കഴിഞ്ഞുള്ളൂ. അപ്രകാരമുള്ള സാക്ഷ്യമാണ് ഇക്കാലത്തും ആവശ്യം.

മനുഷ്യർ സത്യത്തെ സ്വീകരിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നതിന് രണ്ടുവിധത്തിലുള്ള സാക്ഷ്യങ്ങൾ ആവശ്യമുണ്ട്. ഒന്നാമതായി ചരിത്രത്തിലെ സാക്ഷ്യവും രണ്ടാമതായി ഈ സത്യങ്ങൾ അനുഭവിക്കുന്നവരുടെ അനുഭവസാക്ഷ്യങ്ങളും. ദൈവം മനുഷ്യനോട് ഇടപെടുന്ന മാർഗ്ഗങ്ങൾ ഏവ എന്നുള്ളതിന് ചരിത്രവും, യേശുക്രിസ്തുവിന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേല്പ്, പെന്തക്കോസ്ത് എന്നിവയ്ക്ക് വേദപുസ്തകവും സാക്ഷ്യം വഹിക്കുന്നു. എന്നാൽ മനുഷ്യന്റെ അവിശ്വാസത്തെ ഇല്ലാതെയാക്കുന്നതിനും ദൈവത്തിന് തങ്ങളെത്തന്നെ സമർപ്പിക്കുന്നതിനും അവന്റെ സ്നേഹത്തിൽ ആശ്രയിക്കുന്നതിനും വേദപുസ്തകസത്യങ്ങൾ ചരിത്രസംഭവങ്ങളായി സഹായമായിത്തീരുന്നു. ദൈവം, മനുഷ്യൻ, പാപം, മരണം, ന്യായവിധി, സ്വർഗ്ഗം, നരകം എന്നിവകളെ ചരിത്രത്തിൽ ഉള്ള സത്യങ്ങളായി മനുഷ്യർ സ്വീകരിക്കുന്നു. ഈ ചരിത്രസത്യങ്ങൾ മനുഷ്യരിൽ മതചിന്ത ഉളവാക്കുകയും അതിന്റെ ഫലമായി ദേവാലയങ്ങൾ പണിയുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നതിന് പ്രേരണ നല്കുകയും ചെയ്യാം. ഒരു പക്ഷേ ഭയങ്കരങ്ങളെന്ന് മനുഷ്യരുടെ ദൃഷ്ടിയിൽ തോന്നുന്ന പാപങ്ങളെ അവർ ഉപേക്ഷിച്ചു എന്നും വരാം. സന്മാർഗ്ഗജീവിതം ചെയ്യുന്നതിനു തീർച്ചയാക്കി അതിനായി പരിശ്രമിക്കുകയും ചെയ്തേക്കാം. എന്നാൽ ഇതൊന്നും അവരിൽ ദൈവജീവൻ ഉളവാക്കുന്നില്ല. പാപപ്രവൃത്തികളെയും പാപസ്വഭാവത്തെയും ഹനിക്കുന്നതിന് ശക്തി നല്കത്തക്കവണ്ണം യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ അവർ എത്തിച്ചേർന്നു എന്നു മുകളിൽ പറഞ്ഞിട്ടുള്ള അനുഭവങ്ങൾകൊണ്ട് പറവാൻ സാദ്ധ്യമല്ല.

മനുഷ്യനിൽ ദൈവശക്തിയെ ആവസിപ്പിക്കുന്നതത്രെ രക്ഷയ്ക്ക് ആധാരമായ വിശ്വാസം. അഹങ്കാരിയെ വിനയമുള്ളവനും, കോപശീലനെ ശാന്തനും, ലുബ്ധനെ ധാരാളമായി കൊടുക്കുന്നവനും, അശുദ്ധനെ വിശുദ്ധനും, ശണ്ഠയിടുന്നവനെ ശാന്തനും, വഞ്ചകനെ നേരുള്ളവനും, ഭോഷനെ ജ്ഞാനിയും ആക്കിത്തീർക്കുന്നതത്രെ ഈ വിശ്വാസം. ഈ വിശ്വാസം മനുഷ്യരിൽ ഉളവാക്കുന്നതിന് വേദപുസ്തകത്തിലുള്ള ചരിത്രസത്യങ്ങളോടുകൂടെ ഇത് അനുഭവിക്കുന്നവരുടെ സാക്ഷ്യവും പ്രയോജനകരമാണ്. “ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും'' ചെയ്തവരുടെ സാക്ഷ്യം ആവശ്യം. എബ്രാ 6:5 ഉയിർത്തെഴുന്നേറ്റിരിക്കുന്നവനായ യേശുക്രിസ്തുവിനോട് വ്യക്തിപരമായ ബന്ധമുള്ളതിനാൽ ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റി

നീ നിന്റെ ഹിതത്തെ അവന് സമർപ്പിക്കുകയും, നിന്റെ സ്വയം, കോപസ്വഭാവം, സംശയങ്ങൾ എന്നിവകളെ കഴുകിക്കളയേണ്ടതിനും അവൻ നിന്റെ ഉള്ളിൽ വസിക്കേണ്ടതിനും അവനായി സമ്പൂർണ്ണമായി ഏല്പിച്ചുകൊടുക്കുകയും ചെയ്യുക. നിന്നെത്തന്നെ വിശുദ്ധിയിൽ സൂക്ഷിക്കേണ്ടതിനുള്ള നിന്റെ പരിശ്രമങ്ങളെ നിറുത്തിവച്ച് അവൻ കാണിച്ചുതരുന്ന വെളിച്ചത്തിൽ നടക്കുക. നിന്റെ പ്രാർത്ഥനകൾക്ക് അവൻ മറുപടി തരുമെന്ന് വിശ്വസിക്കുക.

രിക്കുന്നു എന്നു സാക്ഷ്യം പറയുവാൻ കഴിയുന്നവരുടെ സാക്ഷ്യം തന്നെയാണു ആവശ്യം (യോഹ. 11:25).

ഞങ്ങളുടെ യോഗങ്ങളിൽ ദൈവം അത്ഭുതകരമായി ഉപയോഗിച്ചിട്ടുള്ള ഒരു പെൺകുട്ടിയെ എനിക്കറിയാം. അവളുടെ സാക്ഷ്യം കേൾക്കുന്നതിന് ധാരാളം ആളുകൾ കൂടിവരികപതിവായിരുന്നു. അവൾ ഒരിക്കൽ എന്നോട് ഇപ്രകാരം പറഞ്ഞു: “ഇന്നലെ രാത്രിയിൽ ഞാൻ യോഗത്തിനായി പുറപ്പെടുവാൻ തയ്യാറാകുമ്പോൾ കർത്താവ് എന്റെ കൂടെ എന്റെ മുറിയിൽ ഉണ്ടായിരുന്നു. അവൻ നമ്മുടെ ഹൃദയത്തിൽ വസിക്കുന്നതിനാൽ ഒരു ലോകസ്നേഹിതനെക്കാൾ നമ്മോട് സമീപസ്ഥനത്രെ”.

ദൈവം തന്റെ പുത്രനെ തന്നിൽ വെളിപ്പെടുത്തുവാൻ അവന് പ്രസാദം തോന്നി എന്ന് പൗലോസ് പറഞ്ഞിട്ടുണ്ട്. മനുഷ്യരുടെ അവിശ്വാസത്തെ തുടച്ചുമാറ്റുന്നതിന് പൗലോസിന്റെ സാക്ഷ്യം മതിയായതായിരുന്നു. പെന്തെക്കോസ്തുനാൾ കഴിഞ്ഞ് അനേക നാളുകൾക്കുശേഷമാണ് പൗലോസ് “നിങ്ങൾകൊള്ളരുതാത്തവരല്ല എന്നുവരികിൽ യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്ന് നിങ്ങളെത്തന്നെ അറിയുന്നില്ലയോ” എന്ന് എഴുതിയത് (2 കൊരി 13:5). “മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ” (കൊലൊ. 1:27) എന്ന് കൊലോസ്യർക്ക് അവൻ എഴുതിയതും ഇതിനുവേണ്ടിയാണ് യോഹ. 16:14 പറയുന്നു. ഓരോ വിശ്വാസിയുടെയും ആത്മികബോധത്തിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നതാണ് പരിശുദ്ധാത്മാവിന്റെ വേല. അതു മുഖാന്തരം അവനിൽ ശുദ്ധീകരണത്തിന്റെ വേല നിറവേറ്റപ്പെടുകയും ചെയ്യുന്നു എന്ന് മാത്രമല്ല, യേശുക്രിസ്തുവിന്റെ സ്വഭാവം വിശ്വാസിയിൽ വളർത്തുകയും ചെയ്യുന്നു. തന്നോടുകൂടെ മൂന്നു വർഷക്കാലം നടന്നവരും യേശുക്രിസ്തുവിന്റെ മരണത്തിനും ഉയിർത്തെഴുന്നേല്പിനും ദൃക്സാക്ഷികളും എങ്കിലും, ശിഷ്യന്മാരെ ഉത്തമസാക്ഷികളാക്കിത്തീർക്കുവാൻ പരിശുദ്ധാത്മസ്നാനം അവർക്ക് ആവശ്യമായിരുന്നു.

അവൻ ഉയിർത്തെഴുന്നേറ്റ ഉടനെ അവരെ സാക്ഷികളായി വെളിയിലേക്ക് പറഞ്ഞയച്ചില്ല. ഉയരത്തിൽനിന്നുള്ള ശക്തിപ്രാപിക്കുന്നതുവരെ പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കുവാൻ അവൻ ശിഷ്യന്മാരോട് കല്പിച്ചു (അപ്പോ. പ്രവൃ. 1:4, 5, 6). അവൻ തങ്ങളോടുകൂടെ മൂന്നു വർഷം ജീവിച്ചു. എന്നാൽ അവർ അവനെ മനസ്സിലാക്കിയില്ല.

ഉയിർത്തെഴുന്നേറ്റവനായി അവർ അവനെ കണ്ടു. എങ്കിലും ക്രിസ്തുവിനെ വേണ്ടതുപോലെ അവർ അറിഞ്ഞില്ല. പരിശുദ്ധാത്മാവത്രെ ക്രിസ്തുവിനെയും, അവന്റെ ദൈവത്വത്തെയും, സ്വഭാവത്തെയും, വിശുദ്ധിയെയും, സ്നേഹത്തെയും, രക്ഷണ്യശക്തിയെയും അവർക്ക് വെളിപ്പെടുത്തിക്കൊടുത്തത്. തന്നെത്തന്നെ അവർക്ക് വെളിപ്പെടുത്തിക്കൊടുക്കണമെന്നുള്ളതായിരുന്നു യേശുക്രിസ്തുവിന്റെ വാഞ്ഛ. പാപികൾ ക്രിസ്തുവിൽ വിശ്വസിക്കണമെങ്കിൽ വിശ്വാസികൾക്ക് ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത ആവശ്യമത്രെ. ക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണ പരിജ്ഞാനം സാദ്ധ്യമാണെന്നും പരിശുദ്ധാത്മാവ് വിശ്വാസിക്ക് ഇത് സാദ്ധ്യമാക്കിക്കൊടുക്കുന്നു എന്നും, പാപികൾ ക്രിസ്തുവിൽ വിശ്വസിക്കുന്നതിന് വിശ്വാസിക്ക് ഈ പരിജ്ഞാനം ഏറ്റവും അത്യാവശ്യമെന്നും നാം അറിയുന്നു എങ്കിൽ അവനെക്കുറിച്ചുള്ള പരിജ്ഞാനപൂർത്തി ലഭിക്കുന്നതുവരെ വിശ്വാസി അവനെ അന്വേഷിക്കേണ്ടതല്ലേ? ക്രിസ്തുവിനെ അറിയുന്നതാണ് നിത്യജീവൻ എന്നും കർത്താവ് നമ്മെ പഠിപ്പിച്ചു (യോഹ. 17:3).

യേശുക്രിസ്തുവിനെക്കുറിച്ച് ബുദ്ധിപരമായ ജ്ഞാനം നിനക്കുണ്ടായിരിക്കാം. അവന്റെ ഗുണവിശേഷങ്ങളെക്കുറിച്ച് സമർത്ഥമായി പ്രസംഗിച്ചു എന്നും വരാം. എന്നാൽ അവനെ യഥാർത്ഥമായി ഹൃദയം കൊണ്ട് അറിയുന്ന പരിജ്ഞാനം ഒന്നു വേറെയാണ്. ഇതാണ് വിശുദ്ധജീവിതത്തിന്റെ ആധാരം.

അവനെ ഇപ്രകാരം അറിയണമെങ്കിൽ ഒന്നാമതായി നിന്റെ പാപങ്ങൾ മോചിപ്പിക്കപ്പെട്ടിരിക്കുന്നു എന്നുള്ള ഉറപ്പുണ്ടാകണം. മറ്റുള്ളവരോട് ചെയ്തിട്ടുള്ള തെറ്റുകൾക്ക് പരിഹാരമുണ്ടാക്കണം. സക്കായി പറയുന്നതെന്ത്? "എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നു. വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലുമടങ്ങ് മടക്കിക്കൊടുക്കുന്നു" (ലൂക്കോ. 19:8). നിന്റെ പാപങ്ങളെ ഏറ്റുപറയുകയും കർത്താവിന് നിന്നെത്തന്നെ പ്രതിഷ്ഠിക്കുകയും ചെയ്ക. അവൻ നിന്റെ പാപങ്ങളെ ക്ഷമിക്കും. ''അവയെ ഓർക്കുകയുമില്ല'' എന്നത്രെ അവന്റെ വാഗ്ദത്തം.

രണ്ടാമതായി, പാപമോചനം ലഭിച്ചു എന്ന് ഉറപ്പു ലഭിച്ചവനായ നീ നിന്റെ ഹിതത്തെ അവന് സമർപ്പിക്കുകയും, നിന്റെ സ്വയം, കോപസ്വഭാവം, സംശയങ്ങൾ എന്നിവകളെ കഴുകിക്കളയേണ്ടതിനും അവൻ നിന്റെ ഉള്ളിൽ വസിക്കേണ്ടതിനും അവനായി സമ്പൂർണ്ണമായി ഏല്പിച്ചുകൊടുക്കുകയും ചെയ്യുക. നിന്നെത്തന്നെ വിശുദ്ധിയിൽ സൂക്ഷിക്കേണ്ടതിനുള്ള നിന്റെ പരിശ്രമങ്ങളെ നിറുത്തിവച്ച് അവൻ കാണിച്ചുതരുന്ന വെളിച്ചത്തിൽ നടക്കുക. നിന്റെ പ്രാർത്ഥനകൾക്ക് അവൻ മറുപടി തരുമെന്ന് വിശ്വസിക്കുക. ഇപ്രകാരം അവന്റെ സകല സമ്പൂർണ്ണതയിലും നീ നിറയപ്പെട്ടു നിന്റെ വിശ്വാസത്തിന്റെ സ്വീകാര്യം മുറുകെ പിടിച്ചുകൊൾക (എബ്രാ. 10:23). പൗലോസ് പറയുന്നതെന്ത്? ''ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം. ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയുമില്ല" (എബ്രാ. 10:36, 37). നമ്മുടെ ഹൃദയത്തിലെ സകല താല്പര്യങ്ങളെയും അവൻ സാധിച്ചുതരും.

❖

തിരുവെഴുത്തുകളെ പരിശോധിക്കുക



*ബൈബിളിലൂടെ........*

## 2 തിമൊഥെയോസ്

# സേവനം വിശ്വസ്തതയോടെ

**നി**ങ്ങൾക്ക് ദൈവത്തെ സേവിക്കണമെന്നുണ്ടോ? അങ്ങനെയെങ്കിൽ ഒന്നാമതായി മനസ്സ് ഉയരത്തിലുള്ളതിൽ ഉറപ്പിച്ച് ദൈവത്തിനുവേണ്ടി പിശാചിനോട് പോരാടുവിൻ. നിങ്ങളുടെ എല്ലാ ഭൗതിക ആവശ്യങ്ങളും ദൈവം നോക്കി കൊള്ളും. പല വിശ്വാസികളും അവർ ഒറ്റയ്ക്കായിരിക്കുമ്പോൾ നല്ല പോരാളികളാണ്. എന്നാൽ അവർ വിവാഹിതരായി ഒരു കുടുംബമായി കഴിയുമ്പോൾ ലോകത്തിലെ പല കാര്യങ്ങളിലേക്കും മനസ്സ് പോകാൻ അനുവദിച്ച് ദൈവത്തോടുള്ള സ്നേഹം തണുത്തു പോകുന്നു. എന്നാൽ നിങ്ങൾ ദൈവഹിതപ്രകാരം വിവാഹിതനായ ആളാണെങ്കിൽ ക്രിസ്തുവിനോടുള്ള ഏകാഗ്രതയും സമർപ്പണവും വർദ്ധിച്ചുവരും. ഞാൻ വിവാഹിതനാകുന്നതിനു മുൻപ് തന്നെ




*മത്സരത്തിൽ പങ്കെടുക്കുന്നവരെ നിരീക്ഷിക്കുവാൻ രഹസ്യക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ആരെങ്കിലും ഇങ്ങനെ ചതിയിലൂടെ ഒന്നാമത് എത്തിയാൽ അത് കണ്ടുപിടിക്കപ്പെട്ട് അവൻ അയോഗ്യനാക്കപ്പെടും.*

ഒരു പൂർണ്ണ സമയ ക്രിസ്തീയ വേലക്കാരനായിരുന്നു. ഞാനും എന്റെ ഭാര്യയും ചേർന്നു ഞങ്ങളുടെ നാല് ആൺ മക്കളെ വളർത്തി. ഇന്നു അവർ എല്ലാവരും വിവാഹിതരായിക്കുന്നു. ഞാൻ അവർക്കായി കരുതി അവരെ സംരക്ഷിച്ചു. എന്നാൽ ഒരു സമയത്തും എന്റെ കുടുംബം എനിക്കു ദൈവത്തേക്കാൾ വലിയതായിരുന്നില്ല. അങ്ങനെ എന്റെ ജീവിതത്തിൽ ദൈവത്തിനു ഒന്നാം സ്ഥാനം നിൽകിയതിന്റെ ഫലമായി എന്റെ ഭാര്യയ്ക്കോ മക്കൾക്കോ ഒരു കുറവും ഉണ്ടായില്ല. നിങ്ങൾ ദൈവഹിതമനുസരിച്ച് ജീവിച്ചാൽ നിങ്ങൾക്കു ആത്മീയമായും ഒരു പ്രയാസവും ഉണ്ടാവുകയില്ല. ദൈവം വിശ്വസ്തനാണ്. നാം വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചാൽ ദൈവം നിങ്ങളുടെ കുടുംബത്തെ തള്ളി കളയുമെന്നു കരുതുന്നുണ്ടോ? അത് അസാദ്ധ്യമാണ്. അതിനാൽ ഒരു നല്ല ഭടനായി ദൈവരാജ്യം ആദ്യം അന്വേഷിക്കുക അപ്പോൾ നിങ്ങളുടെ കുടുംബത്തിന്റെ എല്ലാ ഭൗതിക ആവശ്യങ്ങളും നിറവേറ്റി ദൈവം നിങ്ങളെ സംരക്ഷിക്കുന്നത് നിങ്ങൾ കാണും. ദൈവത്തിനായി നിങ്ങൾ ജീവിച്ചാൽ അവിടുന്നു നിങ്ങളെ ഒരുനാളും തള്ളി കളയുകയില്ല. കഴിഞ്ഞ രണ്ടായിരം വർഷങ്ങളായിട്ടുള്ള അനേകം ദൈവദാസന്മാരുടെ സാക്ഷ്യത്തോട് എന്റെ സാക്ഷ്യവും ചേർക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. നിങ്ങൾ ദൈവത്തെ മാനിച്ചാൽ അവിടുന്നു നിങ്ങളേയും മാനിക്കും. അതിനാൽ "നിങ്ങൾക്കു ചുറ്റുമുള്ള ലോകം അതിന്റെ രീതിയിലേയ്ക്കു നിങ്ങളെ ഒരുക്കുവാൻ അനുവദിക്കാതിരിക്കുക" (റോമ 12:2)

> നാം വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചാൽ ദൈവം നിങ്ങളുടെ കുടുംബത്തെ തള്ളി കളയുമെന്നു കരുതുന്നുണ്ടോ? അത് അസാദ്ധ്യമാണ്. അതിനാൽ ഒരു നല്ല ഭടനായി ദൈവരാജ്യം ആദ്യം അന്വേഷിക്കുക അപ്പോൾ നിങ്ങളുടെ കുടുംബത്തിന്റെ എല്ലാ ഭൗതിക ആവശ്യങ്ങളും നിറവേറ്റി ദൈവം നിങ്ങളെ സംരക്ഷിക്കുന്നത് നിങ്ങൾ കാണും. ദൈവത്തിനായി നിങ്ങൾ ജീവിച്ചാൽ അവിടുന്നു നിങ്ങളെ ഒരുനാളും തള്ളി കളയുകയില്ല.

ഇവിടെ പൗലോസ് ഉപയോഗിക്കുന്ന മൂന്നാമത്തെ ചിത്രം ഒരു കായികതാരത്തിന്റേതാണ് (2:5) ഒരു യഥാർത്ഥ ദൈവദാസൻ ഒരു കായിക മത്സരത്തിൽ ഒരാൾ നിയമ പ്രകാരം പങ്കെടുക്കുന്നതു പോലെ ആയിരിക്കണം. അതിന്റെ അർത്ഥം അവൻ ആരേയും ചതിക്കുന്നില്ല. ആരും തന്നെ ശ്രദ്ധിക്കാതിരിക്കുമ്പോഴും നിയമം തെറ്റിക്കുന്നില്ല. ഒളിമ്പിക്സിലെ അമ്പതു കിലോമീറ്റർ നടത്ത മത്സരത്തെ കുറിച്ച് ചിന്തിക്കുക. അതിൽ പങ്കെടുക്കുന്നവൻ 50 കി. മീ. നടക്കുക തന്നെ വേണം ഒരു ചുവടുപോലും ഓടുവാൻ പാടില്ല. 50 കി. മീ എന്നത് വളരെ ദീർഘമായ ഒരു ദൂരമാണ്. ഈ ദൂരത്തിനിടയിൽ എവിടെയെങ്കിലും ആരും ശ്രദ്ധിക്കാത്ത ചില സ്ഥലങ്ങളുണ്ടാകാ

ഒരു കർഷകൻ ഒരു വിത്തു വിതച്ചതിനുശേഷം തൊട്ട ടുത്ത ദിവസം വന്ന് അത് കിളിർത്തുവോയെന്നു നോക്കുന്നില്ല. അയാൾ കാത്തി രിക്കുന്നു. ആ സമയത്ത് അയാൾ വിത്തിനായുള്ള വെള്ളവും വളവും നൽകുന്നു. കർഷകൻ വളരെ കഠിനാദ്ധ്വാനികൾ ആയിരി ക്കണം. അല്ലെങ്കിൽ അവർക്കു നല്ല വിളവ് ലഭിക്കുകയില്ല. ഒരു ദൈവ വേലക്കാരനും ദൈവവചനം പഠിക്കുന്ന തിനും തന്റെ ജനത്തെ പരി പാലിക്കുന്നതിനും ഒരു കർഷ കനെ പോലെ കഠിനാദ്ധ്വാനി ആയിരിക്കണം.

മെന്നും അവിടെ എത്തുമ്പോൾ ഓടാൻ ഉള്ള ഒരു പ്രലോഭനം അതിൽ പങ്കെടുക്കുന്നവർക്കുണ്ടാ കാമെന്നു ഞാൻ കരുതുന്നു. എന്നാൽ ഇതിൽ പങ്കെടുക്കുന്നവരെ നിരീക്ഷിക്കുവാനുള്ള രഹസ്യക്യാമ റകൾ സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ആരെങ്കിലും ഇങ്ങനെ ചതിയിലൂടെ ഒന്നാമത് എത്തിയാൽ അത് കണ്ടു പിടിക്കപ്പെട്ട് അവൻ അയോഗ്യനാക്ക പ്പെടും. അപ്രകാരം ഒരു ദൈവദാ സന്റെ ജീവിതത്തിലും ഒരു ചതിയോ കള്ളത്തരമോ ഉണ്ടാകുവാൻ പാടില്ല. നിങ്ങളുടെ ശുശ്രൂഷയുടെ ഫലത്തെ കുറിച്ച് തെറ്റായ വിവരങ്ങൾ പറയ രുത്. ദൈവത്തിന്റെ പ്രവൃത്തിയെ കുറിച്ച് ഒരിക്കലും കളവ് പറയരുത്. പിശാചിന്റെ ശുശ്രൂഷയിൽ ഉള്ള വർക്കാണ് കളവ് പറയേണ്ടിവരു ന്നത്. നാം തികഞ്ഞ സത്യസന്ധരാ യിരിക്കണം. നമ്മുടെ സാമ്പത്തിക ഇടപാടുകളിൽ ഒരു വഞ്ചനയും ഉണ്ടാകുവാൻ പാടില്ല. സത്യം പറ യുന്നതു കൊണ്ട് ഇപ്പോൾ ചില മനു ഷ്യരിൽ നിന്നും കഷ്ടം സഹിക്കു ന്നതാണ് കള്ളം പറയുക വഴി ഒരു നാൾ ദൈവത്തിൽ നിന്നും ശിക്ഷ ലഭിക്കുന്നതിനേക്കാൾ നല്ലത്.

നാലാമതായി നാം കഠിനാധ്വാനി കളായ കർഷകരെ പോലെ ആയി രിക്കണം (2:6). ഒരു കർഷകൻ ഒരു വിത്തു വിതച്ചതിനുശേഷം തൊട്ട ടുത്ത ദിവസം വന്ന് അത് കിളിർത്തു വോയെന്നു നോക്കുന്നില്ല. അയാൾ കാത്തിരിക്കുന്നു. കൊയ്ത്തിനായി കുറച്ചു സമയം കാത്തിരിക്കണമെ ങ്കിലും അത് നടന്നിരിക്കും. ആ സമ യത്ത് അയാൾ വിത്തിനായുള്ള വെള്ളവും വളവും നൽകുന്നു. കർഷകൻ വളരെ കഠിനാദ്ധ്വാനികൾ ആയിരിക്കണം. അല്ലെങ്കിൽ അവർ ക്കു നല്ല വിളവ് ലഭിക്കുകയില്ല. ഒരു ദൈവ വേലക്കാരനും ദൈവവചനം പഠിക്കുന്നതിനും തന്റെ ജനത്തെ പരിപാലിക്കുന്നതിനും ഒരു കർഷ കനെ പോലെ കഠിനാദ്ധ്വാനി ആയി രിക്കണം. അയാൾ ആത്മാർ ത്ഥ യോടെ വേല ചെയ്ത് വർഷ ങ്ങൾക്കു ശേഷം താൻ ശുശ്രൂഷിച്ച ആളുകൾ പക്വതയിലേയ്ക്കു വളർന്ന് അവരും തന്നെപോലെ ദൈവവേല ചെയ്യുന്നത് കണ്ട് സന്തോഷിക്കുവാൻ ഇടയാകും. എനിക്കു കഴിഞ്ഞ ചില വർഷങ്ങ ളിൽ അതിയായ സന്തോഷം ലഭി ക്കാൻ ഇടയാക്കിയ കാര്യവും ഇതു തന്നെയാണ്-ചെറുപ്പക്കാർ ദൈവ ത്തിന്റെ വിശ്വസ്ത സേവകരായി മാറുന്നു.

നാം വളരെ ഗൗരവത്തോടെ വച നത്തിലൂടെയുള്ള ഈ ചിത്രീകരണം ധ്യാനിക്കുകയും അതിന്റെ വെളിച്ച ത്തിൽ നമ്മെത്തന്നെ പരിശോധിക്കു

കയും വേണം.

പിന്നീട് പൗലോസ് പറയുന്നു: “ഞാൻ പറയുന്നതു ചിന്തിച്ചു കൊള്ളുക. കർത്താവു സകല ത്തിലും നിനക്കു വിവേകം നൽകും. ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ച് ഉയിർപ്പിക്കപ്പെട്ട യേശു ക്രിസ്തുവിനെ ഓർത്തു കൊള്ളുക അതാകുന്നു എന്റെ സുവിശേഷം” (2:7,8). യേശു ജഡത്തിൽ വന്നു എന്നും (ദാവീദിന്റെ സന്തതിയായി) അവിടുന്നു മരിച്ച് ഉയർത്തെഴുന്നേറ്റി രിക്കയാൽ പാപത്തേയും മരണ ത്തേയും സാത്താനേയും ജയിച്ചു എന്നും പൗലോസ് തിമൊഥെയോ സിനെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കു ന്നു. അങ്ങനെ ഈ ശത്രുക്കളെ ജയി ക്കുവാൻ അവിടുന്നു നമുക്കൊരു വഴി തുറന്നു തന്നു. ഇതായിരുന്നു തിമൊഥെയോസിനു ഒരു തിരിച്ചറി വായി ദൈവത്തിൽ നിന്നും ലഭിക്കേ ണ്ടിയിരുന്നത്. ആ തിരിച്ചറിവാണ് നമുക്കും ലഭിക്കേണ്ടത്.

അഞ്ചാമതായി ഒരു ദൈവവേല ക്കാരൻ ലജ്ജിപ്പാൻ സംഗതിയില്ലാ ത്തവൻ ആയിരിക്കണം (2:15). അയാൾ ദൈവവചനം നന്നായി പഠി ക്കുകയും അതിലെ സത്യങ്ങൾ കൃത്യതയോടെ കൈകാര്യ ചെയ്യു കയും വേണം. അങ്ങനെ മാത്രമേ താൻ ദൈവവേലയ്ക്കു യോഗ്യനാ ണെന്നു ദൈവമുമ്പാകെ തെളിയി ക്കുവാൻ കഴിയുകയുള്ളൂ. ദൈവ വചനം കൃത്യതയോടെ മനസ്സിലാ ക്കുന്നതിനു നിങ്ങൾ മണിക്കൂറുകൾ ചെലവഴിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ദൈവവചനശുശ്രൂഷയ്ക്കായി ദൈവം നിങ്ങളെ എങ്ങനെ ഉപയോ ഗിക്കും? ആരെങ്കിലും ദൈവവചനം വളരെ ശക്തിയോടെ പ്രഘോഷിക്കു ന്നതു കാണുമ്പോൾ, ആത്മാവിന്റെ അഭിഷേകം മാത്രമല്ല അതിനു കാര

> യേശു ജഡത്തിൽ വന്നു എന്നും (ദാവീദിന്റെ സന്തതി യായി) അവിടുന്നു മരിച്ച് ഉയർത്തെഴുന്നേറ്റിരിക്കയാൽ പാപത്തേയും മരണത്തേയും സാത്താനേയും ജയിച്ചു എന്നും പൗലോസ് തിമൊഥെ യോസിനെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈ ശത്രുക്കളെ ജയിക്കു വാൻ അവിടുന്നു നമു ക്കൊരു വഴി തുറന്നു തന്നു. ഇതായിരുന്നു തിമൊഥെയോ സിനു ഒരു തിരിച്ചറിവായി ദൈവത്തിൽ നിന്നും ലഭിക്കേണ്ടിയിരുന്നത്. ആ തിരിച്ചറിവാണ് നമുക്കും ലഭിക്കേണ്ടത്.

ണമെന്നും അവൻ ദൈവവചനം കഷ്ടപ്പെട്ട് പഠിക്കുകയും ചെയ്തവ നാണെന്നും ഓർക്കുക. അലസ ന്മാർക്കു ദാനങ്ങളെ കൊടുക്കുന്നവ നല്ല ദൈവം. പരീക്ഷ എഴുതേണ്ട സമയത്ത് അതിനുമുമ്പ് പ്രാർത്ഥിക്കു വാനായി എന്റെ അടുക്കൽ വരുന്ന വരോട് ഞാൻ ചോദിക്കാറുണ്ട്. “നിങ്ങൾ പരീക്ഷയ്ക്കുവേണ്ടി നന്നായി പഠിച്ചിട്ടുണ്ടോ?” അവർ പഠിച്ചില്ലെങ്കിൽ എന്റെ പ്രാർത്ഥന കൊണ്ട് ഒരു ഗുണവും അവർക്കു ണ്ടാവുകയില്ല. ശ്രദ്ധയോടെ വിത്തു വിതയ്ക്കുകയും ജലസേചനം നട ത്തുകയും ചെയ്യാത്ത ഒരു കർഷ കനു നല്ല വിളവു കിട്ടണമെന്നു പ്രാർത്ഥിക്കാൻ സാധിക്കുകയില്ല. ദൈവം നിങ്ങളെ ഉപയോഗിക്കണമെ ങ്കിൽ ദൈവവചനം പഠിക്കുന്നതിൽ

> പരമാധികാരിയായ ദൈവം നമ്മെ തെരഞ്ഞെടുത്തു. അതേ സമയം തന്നെ നാം ഉത്സാഹത്തോടെ ദൈവത്തെ അന്വേഷിച്ച് കണ്ടെത്തുകയും വേണം. അവിടുന്നു എന്നെ പിടിച്ചിരിക്കുന്നു എന്നാൽ ഞാനും ദൈവത്തെ പിടിക്കണം. അവിടുന്ന് എന്നെ ഉപേക്ഷിക്കുകയില്ല. എന്നാൽ ഞാനും ഒരിക്കലും ദൈവത്തെ ഉപേക്ഷിക്കുവാൻ പാടില്ല.

വളരെ ആത്മാർത്ഥതയുള്ളവനായിരിക്കണം.

2:11–13 ൽ നാം വായിക്കുന്നു: "നാം ക്രിസ്തുവിനോടു കൂടെ മരിച്ചുവെങ്കിൽ ജീവിക്കും സഹിക്കുന്നുവെങ്കിൽ കൂടെ വാഴും നാം അവിടുത്തെ തള്ളി പറയുമെങ്കിൽ അവിടുന്നു നമ്മെയും തള്ളി പറയും നാം അവിശ്വസ്തരായിത്തീർന്നാലും അവിടുന്നു വിശ്വസ്തനായി തന്നെ ജീവിക്കുന്നു. തന്റെ സ്വഭാവം ത്യജിക്കുവാൻ അവിടുത്തേയ്ക്കു സാധ്യമല്ല". ഈ ഭൂമിയിലെ നമ്മുടെ ജീവിതത്തിന്റെ ഓരോ ദിവസവും യേശുക്രിസ്തുവിന്റെ ജീവൻ വെളിപ്പെടുത്തികൊണ്ട് ജീവിക്കണമെങ്കിൽ നാം നാൾതോറും സ്വയത്തിനു മരിക്കണം. നിത്യത മുഴുവൻ ക്രിസ്തുവിനോടു കൂടെ വാഴണമെങ്കിൽ ഈ ഭൂമിയിൽ നാം അവിടുത്തോടു കൂടെ സഹിഷ്ണുതയിൽ നിൽക്കണം. മറ്റൊരു തരത്തിൽ ഇങ്ങനെ പറയാം. നാം നമ്മുടെ ജീവിതരീതിയിലൂടെ ദൈവത്തെ തള്ളി പറയുന്നുവെങ്കിൽ അന്തിമ ദിവസം അവിടുന്നു നമ്മേയും തള്ളി പറയും.

2:14 ൽ പൗലോസ് തിമോഥെയോസിനു മുന്നറിയിപ്പ് നൽകുന്നു "ഈ കാര്യങ്ങൾ അവരെ ഓർമ്മിപ്പിക്കണം വാക്കുകളെ ചൊല്ലി തർക്കിക്കരുതെന്നു ദൈവ സന്നിധിയിൽ അവർക്കു താക്കീത് നൽകണം". വാദ പ്രതിവാദങ്ങളും തർക്കങ്ങളും ഒഴിവാക്കണമെന്ന് ഏറ്റവും അധികം മുന്നറിയിപ്പ് നൽകുന്ന വേദപുസ്തകത്തിലെ രണ്ടു പുസ്തകങ്ങളാണ് തിമൊഥെയോസിനുള്ള രണ്ട് ലേഖനങ്ങൾ. പല ക്രിസ്തീയ പ്രസംഗകരും ഈ കല്പനയെ ഗൗരവമായി എടുത്തിട്ടില്ല. ചില പ്രസംഗകർ എന്റെ അടുക്കൽ വന്നു വേദശാസ്ത്ര വിഷയങ്ങൾ സംബന്ധിച്ച് വാദപ്രതിവാദത്തിനു മുതിരുമ്പോൾ ഞാൻ ആദ്യം അറിയാൻ ശ്രമിക്കുന്നത് അവർ ദൈവഭക്തിയോടെയുള്ള ജീവിതം ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് ദൈവിക സത്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുകയാണൊ അതോ എന്നോട് തർക്കിച്ച് എനിക്കു തെറ്റിയിരിക്കുന്നു എന്നു സ്ഥാപിക്കാൻ വേണ്ടിയാണോ എന്ന കാര്യമാണ്. ദൈവഭക്തിയോടെയുള്ള ജീവിതം വാസ്തമായി ആഗ്രഹിക്കുന്ന ഒരാളാണെന്ന് എനിക്കു മനസ്സിലായാൽ മണിക്കൂറുകളോളം അയാളുമായി ചെലവഴിക്കുവാൻ ഞാൻ തയ്യാറാകും. എന്നാൽ വൃഥാ തർക്കത്തിനാണെന്നു മനസ്സിലാക്കിയാൽ ഉടനെ തന്നെ വിഷയം മാറ്റാൻ ശ്രമിക്കും. തർക്കങ്ങളിൽ വൃഥാ സമയം ചെലവഴിക്കേണ്ടതില്ലല്ലൊ.

2:16 ൽ പൗലോസ് വീണ്ടും പറയുന്നു: "വ്യർത്ഥ സംസാരത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുക". ലോകപ്ര

കാരമുള്ള എല്ലാ സംഭാഷണങ്ങളും പരദൂഷണവും ഉറപ്പായും ദൈവഭക്തിയില്ലായ്മയിലേക്കു നയിക്കുന്നതാണ്. നിങ്ങളുടെ വാക്കുകൾ അർബുദം പോലെയാകാം (2:17) പ്രമേഹമുള്ളവരുടെ കാലിൽ ഒരു ചെറിയ മുറിവുണ്ടായാൽ ചിലപ്പോൾ അത് ഉണങ്ങാതെ ചില നാളുകൾക്കു ശേഷം കാല് മുറിച്ച് മാറ്റേണ്ട അവസ്ഥയിലേക്ക് എത്തുന്നു. ആത്മീയ അർബുദം ഗൗരവമായ ഒരു കാര്യമാണ്. തർക്കങ്ങളും ലോക പ്രകാരമുള്ള സംഭാഷണങ്ങളും നിങ്ങളുടെ ജീവതത്തേയും മറ്റുള്ളവരുടെ ജീവിതത്തേയും നശിപ്പിക്കും. ഒരു പകർച്ച വ്യാധി ഒഴിവാക്കുന്നതു പോലെ അതിനെ ഒഴിവാക്കുക. ഹുമനയോസും ഫിലേത്തോസും അത്തരത്തിൽ വ്യർത്ഥ സംസാരത്തിലും തർക്കത്തിലും ഏർപ്പെട്ടിരുന്ന രണ്ടു പേരാണ്. അതിനാൽ അവർ സത്യത്തിൽ നിന്നും തെറ്റിപ്പോയിരിക്കുന്നു ‘‘പുനരുത്ഥാനം കഴിഞ്ഞു” എന്നു പറഞ്ഞു കൊണ്ട് ചിലരുടെ വിശ്വാസം തെറ്റിക്കുന്ന തരത്തിലേയ്ക്കു അവർ വീണു പോയി.

പൗലോസ് പിന്നീട് ദൈവത്തിന്റെ ഉറപ്പുള്ള അടിസ്ഥാനത്തെക്കുറിച്ച് സംസാരിക്കുന്നു. ദൈവത്തിന്റെ അടിസ്ഥാനത്തിനു രണ്ടു വശങ്ങൾ ഉണ്ട്. അതിന്റെ മുകൾ ഭാഗം അവിടുന്നു മാത്രം കാണുന്നു. താഴത്തെ ഭാഗം നമ്മളും കാണുന്നു. ഇത് ക്രിസ്തീയ ഗോളത്തിലെ ഒരു പ്രധാന തർക്കത്തിനുള്ള ഉത്തരമാണ്. ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ പിന്നീട് രക്ഷ നഷ്ടപ്പെടുമോ? എന്താണ് സത്യം? ആരോ പറഞ്ഞതു പോലെ “സത്യം ഏതെങ്കിലും വശത്തല്ല, നടുവിലല്ല; രണ്ടു വശങ്ങളും ചേർന്നു ഒന്നാകുന്നയിടത്താണ്”. പരമാധികാരിയായ ദൈവം നമ്മെ തെരഞ്ഞെടുത്തു. അതേ സമയം തന്നെ നാം ഉത്സാഹത്തോടെ ദൈവത്തെ അന്വേഷിച്ച് കണ്ടെത്തുകയും വേണം. അവിടുന്നു എന്നെ പിടിച്ചിരിക്കുന്നു എന്നാൽ ഞാനും ദൈവത്തെ പിടിക്കണം. അവിടുന്ന് എന്നെ ഉപേക്ഷിക്കുകയില്ല. എന്നാൽ ഞാനും ഒരിക്കലും ദൈവത്തെ ഉപേക്ഷിക്കുവാൻ പാടില്ല. ദൈവം ഒരിക്കലും നമ്മുടെ സ്വതന്ത്ര ഇഛയെ എടുത്തു മാറ്റുന്നില്ല. അങ്ങനെ ചെയ്താൽ നാം യന്ത്ര മനുഷ്യരായി മാറുന്നു.

ദൈവത്തിനു മാത്രം കാണുന്ന ഭാഗത്തുള്ള അടിസ്ഥാനത്തിൽ നിന്നും അവിടുത്തേയ്ക്കു അറിയാം അവിടുത്തെ മക്കൾ ആരാണെന്ന കാര്യം. ജീവപുസ്തകത്തിലേയ്ക്കു നോക്കിയാൽ ആരാണ് ദൈവമക്കൾ എന്നു നമുക്കറിയാൻ സാധിക്കും. എന്നാൽ നമുക്കതിനു കഴിയുകയില്ല. നാം താഴ്ഭാഗത്തു നിന്നാണ് നോക്കുന്നത്. നാം എന്താണ് കാണുന്നത്? “കർത്താവിന്റെ നാമം ഉച്ചരിക്കുന്ന ഏവനും അധർമ്മത്തിൽ നിന്നും അകന്നു കൊള്ളണം” (2:19) ഇതാണ് കാണുന്നത്. അതിനാൽ നിങ്ങൾ പാപത്തിൽ നിന്നും വിട്ടു നിന്നാൽ നിത്യതയിലേയ്ക്കു സുരക്ഷിതരായിരിക്കും ദൈവത്തിന്റെ പരമാധികാരം, നമ്മുടെ സ്വതന്ത്ര ഇഛ എന്നിങ്ങനെ രണ്ടു സത്യങ്ങൾ ദൈവിക അടിസ്ഥാനത്തിൽ ഉണ്ടെന്ന് അങ്ങനെ നാം കാണുന്നു. കർത്താവ് തനിക്കുള്ളവർ ആരെന്ന് അറിയുന്നു. കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ പാപം വിട്ടകന്നു കൊള്ളണം. അതിനാൽ ദൈവം നമ്മെ പിടിച്ചിരിക്കുമ്പോൾ നമ്മളും ദൈവത്തെ പിടിക്കണം. (തുടരും)

**മൊഴിമാറ്റം: സാജു ജോസഫ്**

❖

ചിന്തയ്ക്ക്

# ത്രിത്വോപദേശം യുക്തിസഹം

ബിനോയ് ജെയിംസ്

**ദൈവത്തിന്റെ** ത്രീയേകത്വമെന്ന അടിസ്ഥാന ക്രിസ്തീയ ഉപദേശത്തെ എതിർക്കുന്നവരാണ് യഹോവയുടെ സാക്ഷികൾ എന്ന സമൂഹം. 'പുത്രനായ യേശുക്രിസ്തു പിതാവായ ദൈവത്തോട് സമനല്ല' എന്നൊരു നിലപാടാണ് അവർക്കുള്ളത്. ത്രിത്വമെന്ന ക്രിസ്തീയ ഉപദേശം യുക്തിക്കു നിരക്കുന്നതാണെന്നതിനും പിതാവും പുത്രനും പ്രകൃതിയിൽ തുല്യരാണെന്നുള്ളത് പരസ്പരവിരുദ്ധമല്ല എന്നതിനും ചില തെളിവുകൾ നൽകുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

'പ്രവർത്തനരീതിയിൽ ഉള്ള വ്യത്യാസം തീർച്ചയായും പ്രകൃതിയിലുള്ള വ്യത്യാസം മൂലമാണ്' എന്നൊരു തെറ്റായ അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പിതാവും പുത്രനും തുല്യരല്ല എന്ന വാദം. ഈ വാദത്തിന് തെളിവായി യോഹന്നാൻ 14 : 28 ൽ യേശുക്രിസ്തു പറഞ്ഞിട്ടുള്ള, "പിതാവ് എന്നെക്കാൾ വലിയവനല്ലോ" എന്ന പ്രസ്താവനയെ യഹോവാസാക്ഷികൾ ഉപയോഗിക്കാറുണ്ട്. തീർച്ചയായും ചില പ്രത്യേകനിലയിൽ പിതാവ് തന്നെക്കാൾ വലിയവനാണെന്നു തന്നെയാണ് യേശു ഇവിടെ പറഞ്ഞിട്ടുള്ളത്. ഇവിടെ നാം ശ്രദ്ധിക്കേണ്ടത് വലിയവനെന്നുള്ളതു പ്രവർത്തന രീതിയിലാണോ അതോ പ്രകൃതിയിലാണോ എന്ന് ഈ വാക്യത്തിൽ വ്യക്തമാക്കിയിട്ടില്ല എന്നതാണ്. പ്രവർത്തനരീതിയിലുള്ള വ്യത്യാസമെന്നത് പ്രകൃതിയിലുള്ള (സ്വഭാവഗുണങ്ങളിലുള്ള) വ്യത്യാസത്തിനുള്ള തെളിവാണെന്ന് ചിന്തിച്ചാൽ, ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ പിതാവും പുത്രനും പ്രവൃത്തിയിൽ വ്യത്യസ്തരായതിനാൽ പ്രകൃതിയിലും വ്യത്യസ്തരാണെന്ന് ചിന്തിക്കേണ്ടി വരും. യഹോവയുടെ സാക്ഷികളുടെ വിശ്വാസമനുസരിച്ച് യേശുവിന് ദൈവത്വമില്ല (അതായത് പിതാവിനോട് തുല്യനല്ല). യേശു പ്രകൃതിയിൽ പിതാവായ ദൈവത്തെക്കാൾ കുറഞ്ഞ വ്യക്തിയാണ്. പിതാവായ ദൈവം ആരാലും സൃഷ്ടിക്കപ്പെട്ടവനല്ല, എന്നാൽ പുത്രനായ യേശു ഒരു സൃഷ്ടിയാണ്-ഇതൊക്കെയാണ് അവരുടെ വാദഗതികൾ. ക്രിസ്തീയത അതിന്റെ ഉത്ഭവം മുതൽ വച്ചുപുലർത്തിയിരുന്ന ത്രിത്വോപദേശത്തിന് എതിരാണ് ഈ ആശയങ്ങൾ. ക്രിസ്തീയ വിശ്വാസമനുസരിച്ച് ദൈവം ഏകനാണെങ്കിലും ദൈവത്തിൽ മൂന്ന് ആളത്വങ്ങൾ അടങ്ങിയിട്ടുണ്ട്. പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം എന്നീ ആളത്വ

ങ്ങൾ സാരാംശത്തിലും പ്രകൃതിയിലും തുല്യരെങ്കിലും പ്രവർത്തനങ്ങളിൽ വ്യത്യസ്തതയുള്ളവരാണ്. പിതാവായ ദൈവത്തെ സൃഷ്ടിതാവായും പുത്രനായ ദൈവത്തെ രക്ഷകനായും പരിശുദ്ധാത്മാവാം ദൈവത്തെ സംരക്ഷകനുമായും വെളിപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് പരസ്പരവിരുദ്ധമായ രണ്ട് വാദങ്ങൾ ഉണ്ടായിട്ടുണ്ട്. ക്രിസ്തീയ വിശ്വാസത്തിൽ യേശുവും ദൈവവും പ്രകൃതിയിൽ തുല്യരാണ്. എന്നാൽ യഹോവയുടെ സാക്ഷികളുടേതുപോലുള്ള വിശ്വാസങ്ങളിൽ യേശുവും ദൈവവും പ്രകൃതിയിൽ തുല്യരല്ല.

'പ്രവർത്തനങ്ങളിലുള്ള വ്യത്യാസം പ്രകൃതിയിലുള്ള വ്യത്യാസത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്' എന്ന പ്രസ്താവനയെ നമുക്കു വിശദമായി പരിശോധിക്കാം.

ഒരു ഉദാഹരണമെടുക്കുക: ജാക്ക് എന്ന വ്യക്തി ഒരു ഫാക്ടറി തൊഴിലാളിയാണ്. അദ്ദേഹത്തിന്റെ മാനേജരാണ് ആൻഡ്രൂ. ജാക്ക് തന്റെ തൊഴിലിനെക്കുറിച്ചുള്ള വിവരങ്ങൾ ആൻഡ്രുവിന് ദിവസവും കൈമാറുന്നു. ആൻഡ്രു ദിവസവും ജാക്കിന്റെ ജോലി നിരീക്ഷിക്കുന്നു. ഒരു ദിവസം ജാക്ക് ഇപ്രകാരം പറയുകയാണ്: "ആൻഡ്രു എന്നെക്കാൾ വലിയവനാണ്". ഈ പ്രസ്താവനയുടെ അർത്ഥമെന്താണ്? ജാക്ക് ഒരു മനുഷ്യനാണ്; എന്നാൽ താനൊരു ഫാക്ടറിത്തൊഴിലാളിയുമാണ്. ആൻഡ്രുവും ഒരു മനുഷ്യനാണ്. എന്നാൽ അദ്ദേഹത്തിന്റെ ജോലി മറ്റൊന്നാണ്. അദ്ദേഹം ആ ഫാക്ടറിയിലെ മാനേജരാണ്. തൊഴിലിനോടുള്ള ബന്ധത്തിൽ ആൻഡ്രു ജാക്കിനെക്കാൾ വലിയവനാണ്; ആൻഡ്രു ജാക്കിന്റെ മാനേജരാണ്. എന്നാൽ പ്രകൃതിയിൽ ഇരുവരും തുല്യരാണ്. എന്തെന്നാൽ ഇരുവരും മനുഷ്യരാണ്. പ്രവൃത്തിയോടുള്ള ബന്ധത്തിൽ ആൻഡ്രു ജാക്കിനെക്കാൾ വലിയവനാകാം. പക്ഷേ പ്രകൃതിയിൽ ഇരുവരും തുല്യരാണ്. ഈ ഉദാഹരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു കാര്യം വ്യക്തമാണ്; പ്രവർത്തനത്തിലുള്ള വ്യത്യാസമെന്നത് പ്രകൃതിയിലുള്ള വ്യത്യാസമല്ല കാണിക്കുന്നത്. പിതാവ് എന്നെക്കാൾ വലിയവനാണെന്ന് യേശു പറയുമ്പോൾ അത് അർത്ഥമാക്കുന്നത് പ്രവൃത്തിയോടുള്ള ബന്ധത്തിൽ പിതാവ് പുത്രനെക്കാൾ വലിയവനാണെന്നാണ്. അതുകൊണ്ട് ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ പിതാവ് പുത്രനെക്കാൾ പ്രകൃതിയിൽ ഉന്നതനാണെന്ന് ചിന്തിക്കുവാൻ കഴിയില്ല. അതായത് യേശു പിതാവിന് തുല്യനല്ല എന്ന വാദം തെറ്റാണ്. യേശു പിതാവിന് തുല്യനാണെന്ന് കാണിക്കുന്ന ഒട്ടേറെ വേദഭാഗങ്ങൾ തിരുവചനത്തിലുണ്ട്. ഉദാഹരണത്തിന് മത്തായി 26 : 63 – 65 വാക്യങ്ങളിൽ യേശുവിന് മരണശിക്ഷ നൽകുവാൻ യഹൂദന്മാർ ആവശ്യപ്പെടുന്നത് അവൻതന്നെത്തന്നെ ദൈവത്തോട് തുല്യനാക്കി ദൈവദൂഷണം നടത്തിയിരിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയാണ്. പ്രവൃത്തിയിലുള്ള വ്യത്യാസം എല്ലായ്പ്പോഴും പ്രകൃതിയിലുള്ള വ്യത്യാസം മൂലമാണെന്ന് വ്യക്തമായി തെളിയിക്കുവാൻ കഴിഞ്ഞാൽ മാത്രമേ യഹോവയുടെ സാക്ഷികളുടെ വാദങ്ങൾ ശരിയാകുകയുള്ളൂ. എന്നാൽ ഇത്തരത്തിലുള്ള അനുമാനങ്ങളുടെ അടിസ്ഥാനത്തിലല്ല ത്രിത്വമെന്ന ക്രിസ്തീയ ഉപദേശം നിലനിൽക്കുന്നത്. ദൈവം ഏകനാണെന്ന് ഒരിടത്തും മൂവരാണെന്ന് മറ്റൊരിടത്തും

പരസ്പരവിരുദ്ധമായ വാദങ്ങളല്ല ത്രിത്വമെന്നത്. സാരാംശത്തിൽ ഏകത്വമുള്ള മൂന്ന് ആളത്വങ്ങൾ ദൈവത്തിലുണ്ട്. ത്രിത്വമെന്ന ഉപദേശം ഏകനായിരിക്കുന്ന ദൈവം ഒരേ സമയം എങ്ങനെ മൂന്ന് ആളത്വങ്ങളിൽ വസിക്കുന്നുവെന്നത് വിശദമാക്കുവാനുള്ള ശ്രമമല്ല, മറിച്ച് തിരുവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തെ സ്ഥിരീകരിക്കുകയാണ്.

പറയുന്ന പരസ്പരവിരുദ്ധമായ വാദങ്ങളല്ല ത്രിത്വമെന്നത്. സാരാംശത്തിൽ ഏകത്വമുള്ള മൂന്ന് ആളത്വങ്ങൾ ദൈവത്തിലുണ്ട്. ത്രിത്വമെന്ന ഉപദേശം ഏകനായിരിക്കുന്ന ദൈവം ഒരേ സമയം എങ്ങനെ മൂന്ന് ആളത്വങ്ങളിൽ വസിക്കുന്നുവെന്നത് വിശദമാക്കുവാനുള്ള ശ്രമമല്ല, മറിച്ച് തിരുവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തെ സ്ഥിരീകരിക്കുകയാണ്.

മുസ്ലീംകളും യഹോവയുടെ സാക്ഷികളും ത്രിത്വോപദേശത്തെ തള്ളിക്കളയുവാനുള്ള മറ്റൊരു കാരണം ഇതു ബുദ്ധിക്കു ഗ്രഹിക്കുവാൻ പറ്റാത്തതാണെന്നുള്ളതാണ്. ഒരു ജീവിക്ക് മൂന്ന് ആളത്വങ്ങളിൽ വസിക്കുവാൻ കഴിയുന്നില്ലെന്നാണ് അവർ വാദിക്കുന്നത്. ഇതു മനുഷ്യന്റെ പ്രകൃതിയോടുള്ള ബന്ധത്തിൽ ഉണ്ടായിരിക്കുന്ന വീക്ഷണമാണ്. അതായത് ഒരു മനുഷ്യനിൽ ഒരു ആളത്വം മാത്രമേയുള്ളൂ. എന്നാൽ ഈ കാര്യം ദൈവത്തിനും ബാധകമാണെന്നുള്ള അനുമാനമാണ് മുസ്ലിംകളെയും യഹോവയുടെ സാക്ഷികളെയും തെറ്റിക്കുന്നത്. അതായത് ഏകനായ ദൈവത്തിൽ മനുഷ്യനിലേതുപോലെ ഒരു ആളത്വമേ ഉണ്ടാകാൻ പാടുള്ളൂ. ഇതു ശരിയാണെന്ന് ചിന്തിക്കുവാൻ ഒരു അടിസ്ഥാനവുമില്ല. എന്തെന്നാൽ, പ്രപഞ്ചത്തിൽ മനുഷ്യൻ മാത്രമല്ല ജീവനുള്ള ദേഹിയായി ഉള്ളത്. മനുഷ്യനെ കൂടാതെ ദൂതഗണങ്ങളും ദൈവവുമൊക്കെയുണ്ടല്ലോ. ഇവരുടെയൊക്കെ പ്രകൃതി മനുഷ്യർക്ക് തുല്യമാകണമെന്നുണ്ടോ? ഒരിക്കലുമില്ല, അത്തരമൊരു അനുമാനം തികച്ചും തെറ്റായിരിക്കാൻ സാധ്യതയേറെയാണല്ലോ. ദൈവം മനുഷ്യനെക്കാൾ ഉന്നതനാണ് എന്നാണ് ക്രിസ്ത്യാനികളെപ്പോലെ തന്നെ മുസ്ലിംകളും യഹോവയുടെ സാക്ഷികളും വിശ്വസിക്കുന്നത്. അതിനാൽ ദൈവത്തിന്റെ സാരാംശത്തിൽ മൂന്ന് ആളത്വങ്ങൾ ഉണ്ടെന്നതിനെ അസംഭവ്യമെന്ന് കരുതേണ്ടതുണ്ടോ? ദൈവത്തിന്റെ പ്രകൃതി മനുഷ്യനോട് തുല്യമായിരിക്കണമെന്ന് വാദിക്കുന്നത് ദൈവത്തെ തുല്യനാക്കി നിർത്തുവാനുള്ള ഒരു ശ്രമമാണ്. ഇതു അഹങ്കാരവും അരിഷ്ടതയും നിറഞ്ഞ മനോഭാവമാണ്.

എന്നാൽ തിരുവചനം വെളിപ്പെടുത്തുന്നത് ദൈവം മനുഷ്യരിൽ നിന്നും തികച്ചും വ്യത്യസ്തനാണെന്നും പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം എന്നിങ്ങനെ തുല്യവും നിത്യവുമായ മൂന്ന് ആളത്വങ്ങളുടെ കൂടിച്ചേരലുമാണ് എന്നാണ്. അതിനാൽ ത്രിത്വമെന്ന ക്രിസ്തീയ ഉപദേശം യുക്തിക്കുനിരക്കുന്നതും പരസ്പരവിരുദ്ധമല്ലാത്തതുമായ ഒന്നാണ്.

(മൊഴിമാറ്റം: ബോബി)

# അടിമവ്യാപാരത്തിനെതിരെ പോരാടിയ വില്യം വിൽബർഫോഴ്സ്

**1807** ഫെബ്രുവരി 25, പ്രഭാതത്തിൽ നാലു മണിയോടടുത്ത സമയം. ബ്രിട്ടീഷ് പാർലമെന്റിൽ ചരിത്രപ്രധാനമായ ആ പ്രഖ്യാപനത്തെ അംഗങ്ങൾ കരഘോഷത്തോടെ സ്വാഗതം ചെയ്തു. ആഫ്രിക്കയിൽ നിന്നുള്ള അടിമവ്യാപാരത്തെ നിരോധിച്ചുകൊണ്ടുള്ള നിയമം വൻഭൂരിപക്ഷത്തോടെ പാർലമെന്റ് പാസ്സാക്കിയിരിക്കുന്നു...

തൊട്ടടുത്ത നിമിഷം സഭയൊന്നടങ്കം എഴുന്നേറ്റ് നിന്ന്, തന്റെ ഇരിപ്പിടത്തിൽ തലകുമ്പിട്ടിരിക്കുന്ന ഒരു യുവപാർലമെന്റംഗത്തെ നോക്കി ആർപ്പുവിളികൾ മുഴക്കി. എന്നാൽ തലകുമ്പിട്ടിരിക്കുന്ന അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് ആനന്ദാശ്രുക്കൾ പൊഴിയുന്നുണ്ടായിരുന്നു. അടിമത്തത്തിനെതിരായി കഴിഞ്ഞ ഇരുപതു വർഷങ്ങൾ പാർലമെന്റിൽ ശബ്ദമുയർത്തിയ ആ യുവനേതാവിന്റെ പേര് വില്യം വിൽബർഫോഴ്സ് എന്നായിരുന്നു.

ഇരുപത്തൊന്നാം വയസ്സിൽ പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെടുവാൻ ഭാഗ്യം ലഭിച്ചു, ഉന്നതകുലജാതനും, സമ്പന്നനുമായ ചെറുപ്പക്കാരൻ. എന്നാൽ ചൂതാട്ടവും നിശാപാർട്ടികളും ആഡംബരവും ഇഷ്ടപ്പെട്ടിരുന്ന ഈ ഇംഗ്ലീഷ് യുവാവിന്റെ മനസ്സിൽ അടിമത്തനിരോധനം പോലെ ഒട്ടും ജനപ്രിയമല്ലാത്ത ഒരു വിഷയത്തിനായി പോരാടുവാനുള്ള ആഗ്രഹം ഉണ്ടാകുവാൻ കാരണമെന്താണ്? അതിനു പ്രചോദനം എവിടെ നിന്നു ലഭിച്ചു? ദൈവകൃപയും സുവിശേഷസത്യങ്ങളുടെ സ്വാധീനവും ഒരു വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന അസാധാരണമായ മാറ്റങ്ങൾക്കു തെളിവായി വിൽബർഫോഴ്സിന്റെ ജീവിതത്തിലുണ്ടായ പരിണാമങ്ങളെ കണക്കാക്കാം

ഇംഗ്ലണ്ടിലെ ഹൾ എന്ന സ്ഥലത്ത് 1759 ഓഗസ്റ്റ് 24 നാണ് വില്യം വിൽബർഫോഴ്സ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ധനികനായ വ്യാപാരിയായിരുന്നു. ചെറുപ്പത്തിൽ വില്യം നന്നേ ബലഹീനനും രോഗാതുരനുമായിരുന്നു. സ്ഥലത്തെ ഗ്രാമർ സ്കൂളിൽ വിദ്യാഭ്യാസം ആരംഭിച്ചു. എന്നാൽ ഒമ്പതാം വയസ്സിൽ ആകസ്മികമായി പിതാവ് ലോകത്തോട് യാത്രപറഞ്ഞു. ഇതിനെതുടർന്ന്, പിതാമഹൻ അവനെ വിംബിൾഡണിലുള്ള അമ്മാവന്റെ ഭവനത്തിലേക്ക് അയച്ചു. തുടർന്നുള്ള വിദ്യാഭ്യാസം അവിടെയായിരുന്നു. എന്നാൽ അമ്മാവനും അമ്മായിയും സുവിശേഷസത്യങ്ങളോട് ആഭിമുഖ്യമുള്ളവരായിരുന്നു. അവരുടെ വിശ്വാസങ്ങൾ വില്യമിനെ സ്വാധീനിച്ചത് അവന്റെ പിതാമഹനും മാതാവിനും ഒട്ടുമിഷ്ടപ്പെട്ടില്ല.



വിൽബർഫോഴ്സ്

അതിനാൽ പന്ത്രണ്ടാമത്തെ വയസ്സിൽ അവനെ ഹള്ളിലേയ്ക്ക് തിരിച്ചുവിളിച്ചു. പതിനേഴാമത്തെ വയസ്സിൽ കലാലയ വിദ്യാഭ്യാസത്തിനായി വില്യം കേംബ്രിഡ്ജിലേക്ക് പോയി.

ധനികനായ തന്റെ പിതാമഹനും അമ്മാവനും ആ സമയത്തുതന്നെ മരണം വഴി വേർപെട്ടതിനാൽ വില്യമിന്റെ കൈകളിൽ എത്തിച്ചേർന്നത് അതിഭീമമായ സമ്പത്തായിരുന്നു. അതുകൊണ്ടുതന്നെ പഠനകാര്യങ്ങളിൽ അല്പംപോലും അയാൾ ശ്രദ്ധിച്ചില്ല. മദ്യവും ചീട്ടുകളിയും ചൂതാട്ടവും നിശാപാർട്ടികളുമടക്കമുള്ള ലൗകികതയുടെ വർണ്ണശബളിമയിൽ അയാൾ അഭിരമിച്ചു. സരസനും ദാനശീലനും നല്ലൊരു വാഗ്മിയുമായിരുന്നതിനാൽ താൻ ചെല്ലുന്നിടത്തൊക്കെ അയാൾ പ്രസിദ്ധനായി. ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കുവാൻ വില്യമിന് ഇക്കാലത്തു സാധിച്ചു. കലാലയജീവിതത്തിനിടയിൽ തന്നെ രാഷ്ട്രീയത്തിൽ പ്രവേശിക്കുവാനുള്ള ആഗ്രഹം വില്യം പലരോടും പങ്കുവെച്ചിരുന്നു. അങ്ങനെ 1780-ൽ തന്റെ 21-ാം വയസ്സിൽ പാർലമെന്റിലേക്ക് മത്സരിച്ചു. വോട്ട് നേടുവാനും പ്രചാരണത്തിനുമായി വൻ തുക അദ്ദേഹം ചെലവഴിച്ചു. മികച്ചവിജയം സ്വന്തമാക്കുകയും ചെയ്തു. പാർലമെന്റിലെ ആദ്യനാളുകളിൽ ജനനന്മ ലക്ഷ്യം വെച്ചുള്ള യാതൊരു കാര്യത്തിലും അദ്ദേഹം ശ്രദ്ധിച്ചില്ല. പാർലമെന്റിൽ മുടങ്ങാതെ ഹാജരായിരുന്നുവെങ്കിലും തന്റെ ജീവിതശൈലിയിൽ കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായില്ല.

പാർലമെന്റ് സമ്മേളനങ്ങൾക്കിടയിൽ ലഭിച്ചിരുന്ന നീണ്ട അവധിക്കാലങ്ങളിൽ സുഹൃത്തക്കളോടൊപ്പം വിനോദയാത്രകൾ നടത്തുന്നത് അദ്ദേഹത്തിനിഷ്ടമായിരുന്നു. 1784 ൽ തന്റെ 25-ാം വയസ്സിൽ ഇത്തരമൊരു യാത്രയിൽ തന്റെ പഴയ സ്കൂൾ അദ്ധ്യാപകനും സുഹൃത്തുമായ ഐസക് മിൽനറെ കൂടെക്കൂട്ടി. സുവിശേഷസത്യങ്ങളെക്കുറിച്ചുള്ള ഗൗരവമായ ചില ചർച്ചകൾ യാത്രയ്ക്കിടയിൽ ഉണ്ടായി. നവീകരണ ഉപദേശങ്ങളെ ആഴത്തിൽ മനസ്സിലാക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നു മിൽനർ. ഇതു വില്യമിനെ ശരിക്കും അത്ഭുതപ്പെടുത്തി. വില്യമിന്റെ സുഹൃത്തുക്കളിൽ പലർക്കും മതമെന്നത് വെറുമൊരു അലങ്കാരം മാത്രമായിരുന്നതിനാൽ അവരാരും ഉപദേശസത്യങ്ങളെ ഗൗരവമായി കണ്ടിരുന്നില്ല. ഇതിനിടയിൽതന്നെ, ഫിലിപ്പ് ഡോറിഡ്ജിന്റെ 'ആത്മാവിലുള്ള മതത്തിന്റെ ഉയിർപ്പും വളർച്ചയു'മെന്ന പുസ്തകം വില്യമിന്റെ ശ്രദ്ധയിൽപ്പെട്ടു. മിൽനറിനോട് അതേപ്പറ്റി അഭിപ്രായം ചോദിച്ചപ്പോൾ, താൻ വായിച്ചിട്ടുള്ള ക്രിസ്തീയ ഗ്രന്ഥങ്ങളിൽ ഏറ്റവും മികച്ചവയിലൊന്നാണത് എന്നായിരുന്നു മറുപടി. മടക്കയാത്രയിൽ വിൽബർഫോഴ്സ് ആ ഗ്രന്ഥം ശ്രദ്ധ

യോടെ വായിച്ചു. യാത്രയ്ക്കൊടുവിൽ 1785 ഫെബ്രുവരിയിൽ ഭവനത്തിൽ മടങ്ങിയെത്തിയപ്പോൾ, ബൗദ്ധികതലത്തിൽ ക്രിസ്തീയ സത്യങ്ങളെ അംഗീകരിക്കുവാനും ഏറ്റെടുക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു.

തൊട്ടടുത്ത വേനലവധിയിൽ മിൽനറിനൊപ്പം മറ്റൊരു യാത്രകൂടി അദ്ദേഹം നടത്തി. ഗ്രീക്ക് പുതിയനിയമത്തെ ആധാരമാക്കി നീണ്ടമണിക്കൂറുകൾ അവർ സംഭാഷണം നടത്തി. അതിനൊടുവിൽ രക്ഷയെക്കുറിച്ചുള്ള പൂർണ്ണമായ ഉറപ്പിലേയ്ക്ക് അദ്ദേഹം എത്തിച്ചേർന്നു. തന്റെ പഴയകാല ജീവിതത്തെക്കുറിച്ചോർത്ത് ദൈവസന്നിധിയിൽ അദ്ദേഹം അനുതപിക്കുകയും ഭാവിജീവിതം ദൈവവേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു. തന്റെ സ്വഭാവത്തിനും ശീലങ്ങൾക്കും വലിയ മാറ്റങ്ങൾ ഉണ്ടായി.

എന്നാൽ മാനസാന്തരത്തിനുശേഷമുള്ള മാസങ്ങളിൽ തന്റെ മുൻകാല ജീവിതത്തിലെ ഫലശൂന്യതയെപ്പറ്റിയുള്ള ചിന്തകൾ വിൽബർഫോഴ്സിനെ വല്ലാതെ അലട്ടി; പ്രത്യേകിച്ച് കേംബ്രിഡ്ജ് സർവ്വകലാശാലയിലെ കാലഘട്ടം. ജീവിതത്തിലെ ഏറ്റവും വിലപിടിപ്പുള്ള സമയങ്ങൾ പാഴാക്കിക്കളഞ്ഞെന്നും ഇനിയവ തിരിച്ചുകിട്ടുകയില്ലെന്നുമുള്ള ചിന്ത അദ്ദേഹത്തെ വല്ലാതെ വിഷമിപ്പിച്ചു. പാർലമെന്റ് അംഗമെന്നനിലയിലും പൊതുനന്മയ്ക്കായി തനിയ്ക്കൊന്നും ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. "കഠിനമായ മനോവേദന എന്നിൽ നിറഞ്ഞിരിക്കുന്നു. ചിലമാസങ്ങളായി ഞാനനുഭവിക്കുന്നതുപോലുള്ള മാനസികവേദന ഒരു മനുഷ്യജീവിയും അനുഭവിച്ചിട്ടുണ്ടാവില്ല. അതെന്റെ ചിന്താശക്തിയെത്തന്നെ ബാധിച്ചതായി തോന്നുന്നു" എന്നാണ് അദ്ദേഹം ഡയറിയിൽ എഴുതിയത്. പൊതുജീവിതവും ക്രിസ്തീയവിശ്വാസവും തമ്മിൽ പൊരുത്തപ്പെടുവാൻ ബുദ്ധിമുട്ടാവുമെന്ന് വില്യം ചിന്തിച്ചു. രാഷ്ട്രീയജീവിതം ഉപേക്ഷിക്കുവാൻപോലും ഈ സമയത്ത് അദ്ദേഹം ചിന്തിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ഒട്ടനവധിചോദ്യങ്ങളുടെ ഉത്തരംതേടി 1785 ഡിസംബർ 7 ന് വയോധികനായ ജോൺ ന്യൂട്ടൻ എന്ന പട്ടക്കാരനെ രഹസ്യമായി കാണുവാൻ അദ്ദേഹം തീരുമാനിച്ചു. ന്യൂട്ടന്റെ ആശയങ്ങളെ വിൽബർഫോഴ്സിന്റെ സുഹൃത്തുക്കളാരും തന്നെ അംഗീകരിച്ചിരുന്നില്ല. എന്നാൽ ചരിത്രപരമായി വളരെ പ്രാധാന്യമുള്ള ഒരു കൂടിക്കാഴ്ച യായി അതുമാറി. വിൽബർഫോഴ്സിന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്ന വാക്കുകളാണ് ന്യൂട്ടൻ അദ്ദേഹത്തിന് നൽകിയത്. പ്രതീക്ഷിച്ചതിൽനിന്നും വ്യത്യസ്തമായി, പൊതുജീവിതത്തിൽ നിന്നും ഒരു കാരണവശാലും വിട്ടുനിൽക്കരുതെന്നാണ് അദ്ദേഹം വില്യമിനോട് പറഞ്ഞത്. വളരെ സമാധാനത്തോടുകൂടിയാണ് വില്യം അവിടെനിന്ന് മടങ്ങിയത്. രണ്ടു വർഷങ്ങൾക്കുശേഷം ന്യൂട്ടൻ വിൽബർഫോഴ്സിന് എഴുതിയത് ഇപ്രകാരമാണ്, "രാജ്യത്തിന്റെയും തന്റെ സഭയുടെയും നന്മയ്ക്കായിട്ടാണ് ദൈവം നിന്നെ എഴുന്നേൽപ്പിച്ചിരിക്കുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്." തുടർന്നുള്ള വർഷങ്ങളിൽ വിൽബർഫോഴ്സ് ഏറ്റവുമധികം സമയം ചെലവിട്ടത് വായനയ്ക്കും ബൈബിൾ പഠനത്തിനുമായിരുന്നു. ദിവസവും പത്ത് മണിക്കൂറോളം അദ്ദേഹം പഠനത്തിനായി മാറ്റിവെച്ചു.

കോളേജിൽവെച്ചുണ്ടായ നഷ്ടങ്ങൾ പരിഹരിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു.

ക്രിസ്തീയവിശ്വാസങ്ങൾ വില്യമിന്റെ രാഷ്ട്രീയദർശനങ്ങളെയും സ്വാധീനിച്ചു. ക്രിസ്തീയതയും ക്രിസ്തീയമൂല്യങ്ങളും സമൂഹത്തിലും വ്യക്തിജീവിതങ്ങളിലും വ്യാപിപ്പിക്കുവാൻ അദ്ദേഹം ശ്രമം തുടങ്ങി. വിദ്യാഭ്യാസം, ജയിൽ നവീകരണം, ബാലവേല, മൃഗങ്ങൾക്കെതിരായ പീഡനം തുടങ്ങിയ സാമൂഹികവിഷയങ്ങളിൽ അദ്ദേഹം ഇടപെട്ടു. അടിമവ്യാപാരത്തിനെതിരായുള്ള പോരാട്ടങ്ങൾ ഇക്കാലത്ത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ആഫ്രിക്കയുടെ പടിഞ്ഞാറേ തീരത്തുനിന്നുള്ള അടിമവ്യാപരത്തിലെ വാർഷിക വരുമാനം ഏതാണ്ട് ഒരുലക്ഷം പൗണ്ട് വരുമായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഗിനി എന്ന് പേരുള്ള ആഫ്രിക്കൻ രാജ്യത്തുനിന്നുതന്നെ, 12000 മുതൽ 15000 വരെ മനുഷ്യരെ അടിമകളായി പിടിച്ചുകൊണ്ടുവരുമായിരുന്നു. വില്യം തന്റെ ഡയറിയിൽ കുറിച്ചിട്ടത് ഇപ്രകാരമായിരുന്നു:," രണ്ട് വലിയ ലക്ഷ്യങ്ങളാണ് സർവ്വശക്തനായ ദൈവം എന്റെ മുമ്പിൽ വെച്ചിരിക്കുന്നത്; അടിമവ്യാപാരം നിർത്തലാക്കുക, ധർമ്മാചരങ്ങളെ പുനഃസ്ഥാപിക്കുക."

അടിമവ്യാപാരം നിരോധിക്കുക എന്നത് അത്യന്തം ദുഷ്കരമായ ഒരു കാര്യമായിരുന്നു. ബ്രിട്ടീഷ് കോളനികളിലെ തോട്ടങ്ങളിൽ പണിയെടുത്തിരുന്നത് അടിമകളായിരുന്നു. അതുകൊണ്ട് രാജ്യത്തിന്റെ സാമ്പത്തിക രംഗത്ത് അടിമവ്യാപാരവും അടിമത്തവും ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളായിരുന്നു. അടിമവ്യാപാരത്തെ പിന്തുണയ്ക്കുന്ന ഒരു വലിയ സമൂഹം ബ്രിട്ടനിൽ ഉണ്ടായിരുന്നു. വിൽബർഫോഴ്സിന്റെ ജീവനുനേരേ തന്നെ പലവട്ടം ഭീഷണിയുണ്ടായി. അടിമത്തനിരോധന പ്രസ്ഥാനത്തിനെതിരെ രാജ്യത്തിനകത്തും പുറത്തും നിന്ന് വലിയ സമ്മർദ്ദങ്ങൾ ഉണ്ടായി. വില്യമിന് കടുത്ത മാനസിക സംഘർഷവും വെല്ലുവിളികളും നേരിടേണ്ടിവന്നു. പക്ഷേ ഈ പോരാട്ടത്തിൽ വിൽബർഫോഴ്സ് ഒറ്റയ്ക്കായിരുന്നില്ല. അക്കാലത്ത് അദ്ദേഹം താമസിച്ചിരുന്ന ക്ലാഫാം എന്ന സ്ഥലത്ത് അദ്ദേഹത്തിന് ധാരാളം സുഹൃത്തുക്കൾ ഉണ്ടായിരുന്നു. 'ക്ലാഫാം സമൂഹം' എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന ഈ സുഹൃദ്സംഘത്തിന്റെശ്രമഫലമായി നിരവധി ആത്മീയപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞു.

1789 മെയ്മാസത്തിൽ മൂന്നരമണിക്കൂർ നീണ്ടുനിന്ന ഒരു പ്രസംഗം അടിമവ്യാപാരത്തിനെതിരായി വിൽബർഫോഴ്സ് പാർലമെന്റിൽ നടത്തുകയുണ്ടായി. 1791 മുതൽ 1807 വരെ പതിനൊന്ന് തവണ അടിമവ്യാപാരനിരോധന ബിൽ പാർലമെന്റിൽ വോട്ടിനിട്ടെങ്കിലും പരാജയമായിരുന്നു ഫലം. എന്നാൽ അടിമത്തത്തിനെതിരായ പോരാട്ടം ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഇംഗ്ലണ്ടിലും അയൽ രാജ്യങ്ങളിലുമുണ്ടായ രാഷ്ട്രീയവും സാമൂഹികവുമായ മാറ്റങ്ങളും ഈ പോരാട്ടത്തിൽ നിർണ്ണായക ശക്തിയായിരുന്നു. എന്നാൽ വർഷങ്ങൾ നീണ്ടുനിന്ന ആ പോരാട്ടത്തിൽ ഏറ്റവും വലിയ സ്വാധീനശക്തിയായത് ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുന്ന സുവിശേഷ സത്യങ്ങളായിരുന്നു.

(തുടരും)

**ബോബി കുര്യൻ**

YOUTH SECTION



### The Making of Peter the Discipline -III

# Disciples Want To Walk On Top Of Every Sin

**Sandeep Poonen**

**W**e have been looking at Matthew 14 where Peter walks on water with Jesus. We stopped at verse 29, where Peter was able to walk on water towards Jesus. But walking consistently on top of some sins can be most frightening.

What do we do when Jesus calls us at the temptations of sexual lust or anger or a judgmental attitude or an unforgiving spirit – and Jesus calls us to face them head on and walk on top of them? Maybe like Peter, we are able to stay victorious for a while. But as time passes, we find that our past victories do nothing to quiet the sin from raging within, even after a few weeks or months of faithfulness. So we slowly grow frightened of the storm still raging. We fear that these particular sins that have always mastered us will eventually get the better of us and we will revert to those sinful habits. So we finally give in again and like Peter, we begin to sink. *Verse 30: But seeing the wind, he became frightened, and beginning to sink, he cried out, "Lord, save me!"*

**Disciples never lose their "Lord, save me" cry**

Peter was a fisherman. He was very familiar with water, and could swim (John 21:7). But we don't see Peter trying to swim his way back to the boat. He also didn't try to blame Jesus for allowing him to sink – after all it was Jesus who told him to come. How could Jesus first ask Peter to come, and then now allow him to sink?

The heart of a disciple doesn't seek to blame or question his Master. He didn't even seek to wallow in guilt and shame of not focusing on Jesus (he would have died!). Instead, he saw his need and called out to Jesus for help. When we fail, we can be tempted to blame God or others, or even ourselves – for not being good enough.

It is very hard to CONSISTENTLY COME BACK TO JESUS with this simple cry, "Lord, save me!" Yes, we might come to Him the first few times. But after failing seven times or "seventy times seven," we can begin to lose heart. We can be tempted to think that God cannot forgive us. This is where some who start out seeking to be disciples fall away: *They somewhere lose their "Lord, save me" cry in their pursuit of being like Jesus in His holiness*. Let us be different. Let us meditate most on Jesus' infinite ability to save, rather than on our own abilities in

fighting sin, or the sin raging around us.

**The disciple's fundamental problem is this: A lack of faith in Jesus**

*Verse 31: Immediately Jesus stretched out His hand and took hold of him, and said to him, "You of little faith, why did you doubt?"*

There are many worship songs that we sing today where we tell God that He is enough and everything to us. But whenever we choose to do our own selfish will and thereby reject the will of God, we are very clearly telling God with our actions that He is NOT enough. What we are really telling Him is that He is enough on Sundays when the tune is right and we're in the mood for Him. But on the mid-week nights when we're feeling lonely and discouraged, then He is NOT enough. So we open ourselves to the enemy's attacks and give in to our own passions, and end up falling into sin.

Through it all, Jesus' words to us are still: "*You are of little faith. Why do you doubt that I am enough?*" It is not an accusation, because Jesus is not an accuser. The devil is called the accuser of the brethren (Revelation 12:10). Jesus never accuses. But His words are words of truth and life meant to show us the reality of our spiritual condition, and to show us where we lack faith.

Jesus never seeks to tell us that we're worthless or no good. He is NEVER sick and tired of us. Every trial is simply a testing of our faith (James 1:2-4), and a lack of faith is disastrous for us – as it is impossible to please God without faith (Hebrews 11:6).

**Jesus wants us to walk with Him back to the boat; only then the storm stops**

*Verse 32: When they got into the boat, the wind stopped.*

How many times did Peter sink in the water? We know at least once for sure. But who knows, maybe the walk back to the boat consisted of many failures. Maybe Peter got frightened by the waves and began to sink again, and Jesus helped him back up.

Here's the bottom line: **We walk in dependence on Him even as the storm is raging. He wants us to walk on top of the stormy winds of every last temptation that beats against us. He wants us to walk back to the boat, and only then the storm stops**.

I know that I have often paid too much attention to the raging winds of temptation that don't die down. I've paid too much attention to the fact that I keep on getting frightened by the raging temptations and sink again and again. So I get discouraged and decide to give up on Jesus. But all because I missed the MAIN lesson that Jesus was trying to teach me: *To possess an enduring faith no matter the cost! 1 John 5:4*.

**Our victory over sin is a pathway by which the church to worship God**

*Verse 33: And those who were in the boat worshiped Him, saying, "You are certainly God's Son!"*

We know that He was fully man because He was tempted just as we are (Hebrews 4:15) and God cannot be tempted (James 1:14). But Jesus was also fully God while here on earth. And one of the clear proofs that Jesus was fully God here on earth is that He accepted worship and did not forbid them from doing something that is clearly reserved for God alone (Acts 10:25-26; Revelation 19:10).

Jesus accepted worship many times. But of all the times that He accepted worship before His death, only once do we find the disciples worshiping Him – and that is here.

What was so special that caused the disciples to worship Jesus? They had seen the paralyzed walk, demons cast out, and even the dead raised. They had also been given the authority by Jesus to cast out demons and heal the sick themselves (Matthew 10:1). But none of these caused the disciples to instinctively worship Jesus. Yet here they were, worshiping Jesus and proclaiming Him to be the Son of God.

What was so unique about this particular miracle? I think at least two things:

**1) They were being tested**. Most of the miracles that the disciples witnessed didn't involve them. They were witnesses and bystanders. But in this miracle, they were the ones most affected by it. They were being tossed around in their boat, and probably feared for even their lives.

**2) They saw one of their fellow disciples also perform the miracle**. There was one other time when the disciples were being tossed around in a boat, and in that miracle they woke Jesus up and He stilled the sea (Luke 8:22-25). But they didn't worship Him then; they were fearful and amazed. But here, even though the storm was similar, they witnessed Peter, one of their fellow disciples, do what they thought was reserved only for Jesus.

Peter's experience here was tremendously convicting to Peter *and the other disciples*. So they all worshiped Him and proclaimed that Jesus was the Son of God.

When we proclaim Jesus as the Son of God, we are stating that Jesus walked on top of every storm of sin, AND that He can help US walk on top of every storm of sin too! **This is the difference between a righteous holy man and the Son of God**. We can marvel at the life of a holy person, but the Son of God is unique in that He comes to show us how WE TOO can live like He did.

May God help us be disciples like Peter. Storms of temptation have a definite purpose: **To build up our faith in Jesus so that we can walk with Him in triumph over every raging wind**. And even when we stumble, our persistent faith in God will cause us to get back up and eventually walk on top of our storms back to the boat. This will build faith in other disciples as well – to see Jesus as the Son of God who can help us all over every one of our stormy seas. And we will together worship Him.

# യേശുവിന്റെ പരീക്ഷകൾ..

(14-ാം പേജിൽ നിന്ന്)

അനേക വിശ്വാസികൾ ദൈവവചനത്തിന്റെ ഉപദേശം ഏന്തെന്നു വ്യക്തമായി അറിഞ്ഞിട്ടും അതു മനഃപൂർവം നിരസിച്ച് അവിശ്വാസികളെ വിവാഹം കഴിച്ചിട്ടുണ്ട്. വിദ്യാഭ്യാസകാലത്തു കർത്താവിനു വേണ്ടി ധീരമായി നിന്ന അനേകർ പിൽക്കാലത്തു ദുഃഖകരമായി വീണുപോയത് ഈ രംഗത്താണ്. ഈ വിഷയത്തിൽ വിട്ടുവീഴ്ച ചെയ്തതുമൂലം ദൈവത്തിനു വളരെ പ്രയോജനപ്പെട്ടു തുടങ്ങിയ ജീവിതത്തിന്റെ പ്രയോജന പൂർണ്ണത നിശ്ശേഷം നഷ്ടപ്പെട്ടിട്ടുണ്ട്. ശത്രുവിനു മുട്ടു മടക്കുന്നതുമൂലം കൊടുക്കേണ്ടിവരുന്ന വില ഇതാണ്.

ഇന്ത്യയിൽ തങ്ങളുടെ ജീവിതപങ്കാളികളെ തെരഞ്ഞെടുക്കുമ്പോൾ യുവജനങ്ങൾ നേരിടുന്ന സമ്മർദ്ദം വളരെ അധികമാണ്. വീണ്ടും ജനനം പ്രാപിക്കാത്തവരും സഹതാപമില്ലാത്തവരുമായ മാതാപിതാക്കളിൽനിന്നും ബന്ധുക്കളിൽനിന്നും സമ്മർദ്ദം ഉണ്ടാകും. ദാരിദ്ര്യം, സ്ത്രീധനസമ്പ്രദായം എന്നിവ മൂലം സാമ്പത്തികസമ്മർദ്ദവും ഉണ്ടാകും. ഏറ്റവും ദുഃഖകരമായിട്ടുള്ളതു ക്രിസ്തീയമാർഗ്ഗത്തിലേക്കു തിരിഞ്ഞതിനു ശേഷവും നിലനിൽക്കുന്ന ജാതിസമ്പ്രദായത്തിന്റെ സമ്മർദ്ദ


Form IV (See Rule 8)
STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT
**JEEVAMOZHIKAL**

| | | |
|---|---|---|
| 1. Place of Publication | : | KOTTAYAM |
| 2. Periodicity | : | MONTHLY |
| 3. Printer's Name | : | SUNNY VARGHESE |
| Whether Citizen of India | : | Yes |
| Address | : | Pemalavadakethil<br>Ettumanoor P.O., Kottayam - 686 631 |
| 4. Publisher's Name | : | Sunny Varghese |
| Whether Citizen of India | : | Yes |
| Address | : | Pemalavadakethil<br>Ettumanoor P.O., Kottayam - 686 631 |
| 5. Editor's Name | : | Geoji T. Samuel |
| Whether Citizen of India | : | Yes |
| Address | : | "Ardram"<br>C.A.C. Campus, Kumaranalloor P.O.<br>Kottayam - 16 |

6. Name address of the firm, who owns the News paper & holding more than one percent of the total capital.
Christian Fellowship Trust, Kottyam - 16

I, SUNNY VARGHESE hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

മാണ്. അനേക യൗവനക്കാർ പൈശാചികമായ ഈ സമ്മർദ്ദങ്ങൾക്കു വിധേയരായി ഒടുവിൽ അനാത്മീയമായ ഒരു വിവാഹത്തിനു സമ്മതിക്കുന്നതു ദുഃഖകരം തന്നെ.

നമ്മെ വഞ്ചിക്കാൻ സാത്താന് എണ്ണമറ്റ ആകർഷകമായ വാദങ്ങൾ ഉണ്ട്. 2 കൊരി. 6:14 – ൽ പറയുന്ന 'ഇണയില്ലാപ്പിണ'യെക്കുറിച്ച് അവൻ വാദിക്കും: ''നിങ്ങൾ തീരെ ഇടുങ്ങിയ മനഃസ്ഥിതിക്കാരനാകരുത്. വിവാഹത്തിനുശേഷം നിങ്ങളുടെ പങ്കാളിയെ സുവിശേഷത്തിൽ വിശ്വസിക്കുവാൻ പ്രേരിപ്പിച്ചാൽ മതി. സകലവും ശുഭമായിക്കൊള്ളും. ഈ സുവർണ്ണാവസരം തള്ളിക്കളയുകയാണെങ്കിൽ ഇനി ഒരിക്കലും ഇത്ര നല്ല ഒരു വിവാഹം ലഭിക്കുകയില്ല.'' അവന്റെ ഈ പ്രേരണകളിൽ എത്ര പേർ മയങ്ങിപ്പോയിട്ടുണ്ട്! ഉവ്വ്, വളരെ പ്രാർത്ഥനുടെ ഫലമായി മാനസാന്തരപ്പെടാത്ത ചില ഭാര്യമാരോ ഭർത്താക്കന്മാരോ രക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ദൈവത്തെ അനുസരിക്കാതിരിക്കുന്നതിന് ഇതൊരു കാരണമല്ല. സാത്താനു കീഴടങ്ങുന്നതിനു യാതൊരു ഒഴികഴിവുമില്ല. ഇതു നിന്റെ ജീവിതത്തിൽ അങ്ങനെയുള്ള സന്ദർഭമാണോ? ഞാൻ നിന്നോട് അപേക്ഷിക്കുന്നു: നിന്റെ വിശ്വാസത്തിനനുസരണമായി നിൽക്കുവാനുള്ള ധീരത കാണിക്കുക. എത്ര വലിയ സമ്മർദ്ദം ഉണ്ടായാലും എല്ലാ പൈശാചികനിർദ്ദേശങ്ങളെയും നിരാകരിക്കുക; പ്രാർത്ഥനയിൽ ദൈവത്തിന്റെ സഹായം തേടി അവന്റെ ഇഷ്ടത്തിനായി കാത്തിരിക്കുക. അവൻ നിന്നെ ഒരിക്കലും കൈവിടുകയില്ല. ദൈവത്തെ ബഹുമാനിക്കുക; തന്റെ തെരഞ്ഞെടുപ്പിൻ പ്രകാരമുള്ള ജീവിതസഖിയെ അവൻ നിനക്കു തരും; അവനാണു തെരഞ്ഞെടുക്കുന്നതെങ്കിൽ അത് ഏറ്റവും മെച്ചമായിരിക്കാനേ തരമുള്ളൂ.

ആത്മാവിന്റെ പ്രതിയോഗിയെ താണുവീണു വന്ദിക്കുവാനുള്ള പരീക്ഷകൾ അധികമാണ്; കൗശലപൂർണ്ണവുമാണ് അവ. സഹോദരീസഹോദരന്മാരേ, നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശ്യം നഷ്ടപ്പെടുത്താതിരിക്കണമെങ്കിൽ അവയെല്ലാം നിരസിക്കുക. ലൗകികമായി നഷ്ടമെങ്കിൽത്തന്നെയും ധാർമ്മികതയുടെയും ആത്മീയാർജ്ജവത്തിന്റെയും പാതയിൽത്തന്നെ ഉറച്ചുനിൽക്കുക. അത്രതന്നെ തത്വദീക്ഷയില്ലാത്തവരും ഇരുലോകങ്ങളുടെയും നന്മ നേടാൻ കാംക്ഷിക്കുന്നവരുമായ വിശ്വാസികളാൽ വഴി തെറ്റിക്കപ്പെടരുത്. ആ മാർഗ്ഗം മൂലം നിന്നെക്കാൾ അവർക്കു നല്ലകാലമാണെന്നു തോന്നിയാൽപ്പോലും അതിൽ കാര്യമില്ല. തോന്നലുകൾ വഞ്ചിക്കും. ഈ ലോകത്തിൽ വിജയം എന്നു വിളിക്കപ്പെടുന്ന പലതും നിത്യതയുടെ തെളിഞ്ഞ പ്രകാശത്തിൽ വെറും തോൽവി എന്നു വിധിക്കപ്പെട്ടേക്കാം. അവയൊന്നും നിങ്ങൾക്കു വേണ്ടെന്നു തീരുമാനിക്കുക. ലാഭവും സമൃദ്ധിയും നേടാൻ ശത്രു നിർദ്ദേശിക്കുന്ന കുറുക്കുവഴികളെല്ലാം തിരസ്കരിക്കുക. ദൈവത്തോടുകൂടെ നടന്ന് അവന്റെ പ്രശംസ മാത്രം അന്വേഷിക്കുക. തന്നോടു പറ്റിച്ചേരുക. ഒടുവിൽ നിനക്ക് ഒന്നും ദുഃഖിക്കാനുണ്ടായിരിക്കയില്ല.

(തുടരും)

❖

## എഡിറ്റോറിയൽ തുടർച്ച ........

വളരെ വിനയാന്വിതനായ ഒരുവനായിരുന്നു. (1ശമുവേൽ 9:21, 10:16, 22;15:17 എന്നീ ഭാഗങ്ങൾ ശ്രദ്ധിച്ചാൽ അത് വ്യക്തമാകും) എന്നാൽ ദൈവം അവനു പല നേട്ടങ്ങൾ നൽകിയപ്പോൾ രാജാധികാരം തലയ്ക്കു പിടിച്ച് അവൻ നിഗളിയായിത്തീർന്നു. തന്നെ അഭിഷേകം ചെയ്ത ശമുവലിനെ ധിക്കരിച്ചും ദൈവകല്പനകളെ അനുസരിക്കാതെ മറുത്തുനിന്നും ദൈവത്തിന്റെ അഭിഷിക്തനായ ദാവീദിനെ വേട്ടയാടിയും നിഗളത്തിൽ നിന്നു നിഗളത്തിലേക്ക് അവൻ പോയി. ഒടുവിൽ അതുതന്നെ അവന്റെ പതനത്തിനും കാരണമായി. ശൗലിന്റെ ചരിത്രം വായിക്കുമ്പോൾ അവന്റെ പ്രകടമായ ഈ നിഗളം നമുക്കു മനസ്സിലാകും. എന്നാൽ ഇതേ നിഗളം തന്നെ അവനിൽ വേഷം മാറി അസൂയയായും സ്വയസഹതാപമായും ഭയമായും സ്വയന്യായീകരണമായും വിഷാദവും നിരാശയും മരണവാഞ്ഛയായും പ്രത്യക്ഷപ്പെടുന്നതിനെ സൂക്ഷ്മയോടെ ശ്രദ്ധിച്ചാൽ മാത്രമേ നമുക്കു തിരിച്ചറിയാൻ കഴിയൂ. ഇവ ഓരോന്നും ഇഴവിടർത്തി പരിശോധിക്കുന്നതു നമ്മുടെ ജീവിതത്തിലും പ്രകടമാകുന്ന, നിഗളത്തിന്റെ വേഷപ്പകർച്ചകളെ മനസ്സിലാക്കുവാൻ സഹായകമാകുമെന്നു തോന്നുന്നു.

**അസൂയ:**

അസൂയ വാസ്തവത്തിൽ നിഗളത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ദൈവവചനം അങ്ങനെ സാക്ഷ്യപ്പെടുത്തുന്നു. 1 തിമൊഥെയോസ് 6:4 നോക്കുക: “അവൻ.... തർക്കത്തിന്റേയും വാഗ്വാദത്തിന്റെയും ഭ്രാന്തു പിടിച്ച് ചീർത്തിരിക്കുന്നു. അവയാൽ അസൂയ... ഉളവാകുന്നു” (He is blinded with pride…. Out of which come envy strife..)

ശൗലിന്റെ ജീവിതത്തിലെ നിഗളം അവനെ നേരെ അസൂയയിലേക്കു നടത്തി. (1 ശാമുവേൽ 18:6–9 വായിക്കുക). ദാവീദിനോടുള്ള അസൂയയ്ക്കു കാരണം എന്തായിരുന്നു? ഗൊല്യത്തിനെ വധിച്ചു മടങ്ങി വന്നപ്പോൾ സ്ത്രീകൾ പാടിയ പാട്ടിയിരുന്നു അതിനു നിമിത്തമായത്. “അവർ ദാവീദിനു പതിനായിരം കൊടുത്തു എനിക്ക് ആയിരം മാത്രമേ തന്നുള്ളൂ എന്നു ചിന്തിച്ച ശൗലിന് അന്നു മുതൽ ദാവീദിനോടു കണ്ണുകടി തുടങ്ങി” എന്നാണു നാം അവിടെ വായിക്കുന്നത്. തനിക്ക് അർഹമായ ബഹുമാനം ലഭിക്കുന്നില്ല എന്ന നിഗളത്തിന്റെ ചിന്തയാണു ശൗലിനെ അസൂയയിലേക്കു നടത്തിയത്. അസൂയ എപ്പോഴും താരതമ്യത്തിൽ നിന്നാണ് ഉരുത്തിരിയുന്നത്. ഇവിടെ സ്ത്രീകൾ ദാവീദുമായി ശൗലിനെ താരതമ്യം ചെയ്തതു അസൂയയ്ക്കു വളക്കൂറുള്ള മണ്ണായി.

മറ്റൊരാളുമായി താരതമ്യം ചെയ്തു നമ്മുടെ ജീവിതത്തിൽ ഉരുത്തിരിയുന്ന അസൂയ വാസ്തവത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതു നിഗളത്തിലാണ്. അത് അസ്ഥികൾക്കു ദ്രവത്വമാണെന്ന ശലോമോന്റെ മുന്നറിയിപ്പ് (സദൃശ വാ.14:30) നാം ഗൗരവമായി എടുക്കേണ്ടേ? തനിക്ക് ദുഷ്ടന്മാരോട് അസൂയ തോന്നി എന്നു പറഞ്ഞിരിക്കുന്നതിനോടു ചേർത്ത് തന്റെ കാലടികൾ വഴുതിയെന്നും കാലുകൾ ഇടറിയെന്നും ആസാഫ് സാക്ഷിക്കുന്നത് (സങ്കീ.73:2,3) നമുക്കു പാഠമാകേണ്ടതല്ലേ? യേശുവിനെ ക്രൂശിച്ചതിന്റെ പിന്നിലുണ്ടായിരുന്ന യഥാർത്ഥ കാരണം യെഹൂദന്മാരുടെ അസൂയയായിരുന്നു എന്നോർക്കുമ്പോൾ (മത്താ. 27:8) ഇന്നു നാമും അസൂയപ്പെടുമ്പോൾ യേശുവിനു നൽകുന്നതു ക്രൂശീകരണത്തിന്റെ വേദനയാണെന്നു നാം തിരിച്ചറിയേണ്ടേ? ശുശ്രൂഷാരംഗത്തു തന്നേക്കാൾ ഇളയവനായിട്ടും യേശുവിനോടു

നേർത്ത ആസൂയപോലും ഇല്ലാതിരുന്നതുകൊണ്ട് യോഹന്നാൻ സ്നാപകനെ (യോഹ. 3:30, മർക്കോ. 1:7) പഴയനിയമത്തിലെ എല്ലാ പ്രവാചകന്മാരിലും വലിയവൻ എന്നു യേശു വിശേഷിപ്പിച്ചതും (മത്താ. 11:11) ഓർക്കുക.

**ഭയം**

അകാരണമായ ഭയം നിഗളത്തിൽ നിന്നാണ് ഉത്ഭവിക്കുന്നതെന്നു നാം പലപ്പോഴും കരുതാറില്ല. എന്നാൽ നിഗളത്തിന്റെ ആൾരൂപമായ ശൗലിന്റെ അനുഭവം നോക്കുക: "ശൗൽ ദാവീദിനെ പിന്നെയും അധികം ഭയപ്പെട്ടു" (1 ശമു: 18:29). ശൗൽ രാജ്യത്തെ ശക്തനായ രാജാവും ദാവീദ് ആളും സ്വാധീനവും ഇല്ലാത്ത ഒരുവനും രാജാവിന്റെ അപ്രീതിക്കു പാത്രമായ ഒരു യുവാവുമാണ്. സത്യത്തിൽ ദാവീദ് ശൗലിനെയാണു ഭയപ്പെടേണ്ടത്. പക്ഷേ മറിച്ചാണ് സംഭവിച്ചിരിക്കുന്നത്. എന്താണു കാരണം? കാരണം ഊഹിക്കാവുന്നതേയുള്ളൂ. നിഗളിയായ ഒരുവന് ഒരിക്കലും ഒരു സുരക്ഷിതബോധം ഉണ്ടായിരിക്കുകയില്ല. കാരണം ദൈവം അവനോട് എതിർത്തു നിൽക്കുകയാണല്ലോ. വാസ്തവത്തിൽ ദൈവത്തിൽ മാത്രമേ മനുഷ്യാത്മാവിനു യഥാർത്ഥ സുരക്ഷിതത്വവും വിശ്രമവും കണ്ടെത്താൻ കഴിയുകയുള്ളൂ. ദൈവം നിഗളിയായ മനുഷ്യന്റെ ശത്രു ആയതിനാൽ അവൻ എപ്പോഴും തികഞ്ഞ അരക്ഷിതബോധത്തിലായിരിക്കും. കൊച്ചു കാര്യങ്ങൾ പോലും അവനെ പേടിപ്പിക്കും. ദാവീദിനെപ്പോലെ ഒരു ചെറുപ്പക്കാരൻ വളർന്നു വരുന്നതുകാണുമ്പോൾ ഇവൻ തന്റെ കിരീടം തട്ടിയെടുക്കുമോ ചെങ്കോൽ പിടിച്ചു പറിക്കുമോ എന്നു പേടിയിലാണു പാവം രാജാവ്!

നമ്മുടെ പല ഭയങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നതു നിഗളത്തിലാണെന്നു നാം തിരിച്ചറിയുമോ?

**സ്വയസഹതാപം**

സ്വയസഹതാപത്തിന്റെ ഏറ്റവും വലിയ വഞ്ചനാ അതു നിഗളമാണെന്നു നമ്മൾ തിരിച്ചറിയുകയില്ലെന്നു മാത്രമല്ല അതു താഴ്മയാണെന്നു നാം തെറ്റിദ്ധരിക്കുകയും ചെയ്യും എന്നതാണ്.

ശൗലിന്റെ ജീവിതത്തിലെ ഒരു രംഗം കാണുക: ശൗൽ തന്റെ ചുറ്റും നിൽക്കുന്ന ഭൃത്യന്മാരോടു പറഞ്ഞത്: "നിങ്ങൾ എല്ലാവരും എനിക്കു വിരോധമായി കൂട്ടുകെട്ടുണ്ടാക്കിയിരിക്കുന്നു. എന്റെ മകൻ യിശ്ശായിയുടെ മകനോടു സഖ്യത ചെയ്തത് എന്നെ അറിയിപ്പാൻ ആരും ഉണ്ടായിരുന്നില്ല. എന്റെ മകൻ എന്റെ ദാസനെ ഇന്ന് എനിക്കായി പതിയിരിപ്പാൻ ഉത്സാഹിപ്പിച്ചിരിക്കുന്നതിൽ മനസ്താപമുള്ളവരോ അതിനെക്കുറിച്ച് എനിക്ക് അറിവു തരുന്നവരോ നിങ്ങളിൽ ആരും ഉണ്ടായിരുന്നില്ലല്ലോ." (1 ശമുവേൽ 22:8). ഇത് ഒരു രാജാവിന്റെ വാക്കുകളാണെന്നോർക്കുക. എന്നിട്ടും വാക്കുകൾ ശക്തമല്ല. മറിച്ച് സ്വയസഹതാപമാണ് ഇതിൽ നിഴലിടുന്നത്. "നിങ്ങളിൽ ആർക്കും എന്നെക്കുറിച്ചു മനസ്താപമില്ല. എന്നെ കരുതുന്നവരായി നിങ്ങളിൽ ആരും ഉണ്ടായിരുന്നില്ലല്ലോ. അയ്യോ പാവം ഞാൻ!" –ഇതാണു കൃത്യമായും സ്വയസഹതാപം (Self pity). പക്ഷേ ഇതെങ്ങനെ നിഗളമാകും? നോക്കുക: സ്വയസഹതാപവും ഊന്നി നിൽക്കുന്നതു സ്വയത്തിലാണ്. നിഗളം സ്വയത്തിന്റെ ഏറ്റവും മുകളിലത്തെ കൊടുമുടിയാണെങ്കിൽ സ്വയസഹതാപം അതിന്റെ ഏറ്റവും താഴത്തെ അഗ്രമാണെന്നേയുള്ളൂ. രണ്ടും അടിസ്ഥാനപ്പെട്ടിരിക്കുന്നതു സ്വയത്തിൽ തന്നെ.

വാക്കുകളിൽ ഒരു 'അയ്യോ പാവം' നിഴലിടുന്നതുകൊണ്ട് സ്വയസഹതാപം എളിമയുള്ള നിലപാടാണെന്നു നമുക്കു തോന്നാം. എന്നാൽ ഇതും നമ്മെ ദൈവത്തിന്റെ ശത്രുവാക്കുന്ന നിഗളത്തിന്റെ ഭാഗമാണെന്നു തിരിച്ചറിയുക.

**അസംതൃപ്തി, പരാതി, സ്വയന്യായീകരണം:**

ദൈവം നമ്മുടെ സാമ്പത്തിക, സാമൂഹിക നിലകൾക്ക്ചുറ്റും ഒരു അതിർ വച്ചിട്ടുണ്ടെന്നും നമ്മുടെ ജീവിതത്തിനു ചുറ്റും ഒരു വൃത്തം വരച്ചിട്ടുണ്ടെന്നും പൗലൊസ് പറയുന്നു. അതിനുള്ളിൽ ദൈവത്തെ കണ്ടെത്തി നാം തൃപ്തരായി നിൽക്കുകയാണു വേണ്ടത് (പ്രവൃത്തി 17:26,27). എന്നാൽ ദൈവം തന്റെ സർവജ്ഞതയിൽ നമുക്കു തന്ന ജീവിതത്തിൽ തൃപ്തിയില്ലാതെ പരാതിപ്പെടുകയും പിറുപിറുക്കുകയും അതിർലംഘിക്കുകയും അതിരുകടന്നതിനെ സ്വയം നീതീകരിക്കുകയും എല്ലാം ചെയ്യുന്നതു നിഗളത്തിന്റെ തന്നെ വിവിധഭാവങ്ങളാണ്. 'ഞാൻ ഒരു വലിയ ഞാനാണെന്നും ഞാൻ ദൈവം വച്ച ഈ പരിധിക്കുള്ളിൽ നില്ക്കേണ്ടവനല്ലെന്നും' ഉള്ള നിഗളം തന്നെയാണു പരാതിയായും അനുസരണക്കേടായും സ്വയന്യായീകരണമായും നാം പ്രകടിപ്പിക്കുന്നത്.

നിഗളിയായ ശൗലിന്റെ ജീവിതത്തിൽ നിന്ന് ഇതിന് ഉദാഹരണമായി പല സംഭവങ്ങൾ എടുത്തു കാട്ടുവാൻ കഴിയും. ദൈവം വച്ച അതിരു ലംഘിച്ചതും തുടർന്ന് അതിനെ ന്യായീകരിച്ചതുമായ ഒരു സംഭവം കാണുക (1 ശമുവേൽ 13:9–12 വായിക്കുക).

നമ്മുടെ ജീവിതത്തിലെ പരാതിയും പിറുപിറുപ്പും സ്വയന്യായീകരണവും നിഗളത്തിന്റെ തന്നെ പ്രകടനമാണെന്നു നാം തിരിച്ചറിയുമോ?

**വിഷാദം, നിരാശ, മരണവാഞ്ഛ:**

ശൗലിന്റെ ജീവിതത്തിന്റെ അവസാനരംഗത്ത് ഈ കാര്യങ്ങളെല്ലാം തന്നെ പിടികൂടുന്നതു നമുക്കു കാണാം (1 ശമു. 28:20–25; 31: 1–5).

പലപ്പോഴും വിഷാദവും നിരാശയും ആത്മഹത്യാപ്രവണതയുമൊക്കെ ഉള്ളവരോടു നമുക്കു സഹതാപമാണു തോന്നുക. ഇതു നിഗളത്തിന്റെ തന്നെ ഭാവമാണെന്നു സ്വാഭാവികമായി നാം ചിന്തിക്കാറില്ല. പക്ഷേ ആഴത്തിൽ പഠിച്ചാൽ നിരാശയും വിഷാദവും 'മരിച്ചാൽ മതി' എന്ന ചിന്തയും എന്തിനെയാണു കാണിക്കുന്നത്? അവർക്ക് അവരെക്കുറിച്ചു തന്നെ ചില മതിപ്പും അതു നൽകിയ ചില അതിരുകടന്ന പ്രതീക്ഷകളും ചില അഭിമാനബോധങ്ങളും ഉണ്ടായിരുന്നു. അതിന് ഓർക്കാപ്പുറത്ത് ഉടവുതട്ടുമ്പോൾ നിരാശയായി, വിഷാദമായി, മരണവാഞ്ഛയായി. വാസ്തവത്തിൽ ഇതു നിഗളമല്ലെങ്കിൽ മറ്റെന്താണ്?. ഏലിയാവിന്റെയും (1 രാജാക്കന്മാർ 19:1–4) യോനയുടെയും (യോന 4–ാം അദ്ധ്യായം) അനുഭവങ്ങളും നിരാശയും വിഷാദവും മരണവാഞ്ഛയും നിഗളത്തിന്റെ തന്നെ വേഷപ്പകർച്ചകളാണെന്നു വ്യക്തമാക്കുന്നു.

ചുരുക്കത്തിൽ നിഗളമെന്നാൽ എപ്പോഴും ധാർഷ്ട്യമുള്ള വാക്കുകളും അഹങ്കാരമുള്ള പ്രവൃത്തികളുമാകണമെന്നില്ല. അസൂയയും ഭയവും സ്വയസഹതാപവും അസംതൃപ്തിയും പരാതിയും സ്വയന്യായീകരണവും വിഷാദവും നിരാശയും മരണാഭിമുഖ്യവും എല്ലാം നിഗളത്തിന്റെ തന്നെ പ്രകടനങ്ങളാകാം. അതുകൊണ്ട് നിഗളത്തിന്റെ ഇത്തരം വേഷപ്പകർച്ചകളെ തിരിച്ചറിഞ്ഞ് നമുക്കു ജാഗ്രത പാലിക്കാം. കാരണം 'ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു.'

മറുവശത്ത് നമുക്ക് എപ്പോഴും താഴ്മയിൽ നില്ക്കാം. കാരണം 'താഴ്മയുള്ളവർക്കു ദൈവം കൃപ നൽകുന്നു.'

ഉവ്വ്, 'താഴ്മയുള്ളവരെ അവൻ രക്ഷകൊണ്ട് അലങ്കരിക്കും.' (സങ്കീ.149:4) ആമേൻ!

❖

## Thought for the month

# How Do You Wake Up in the Morning?

***Santosh Poonen***

Different people have different ways of waking up in the morning. Some people can easily get out of bed even before the sun rises. Others have difficulty waking up even with an alarm clock. While it's good to be disciplined in this area of our lives, God has made us all differently, and neither the early risers nor the late risers are necessarily more spiritual. God's Word does not tell us when we should wake up in the morning, but it does tell us how we should wake up. Think about how you wake up in the morning? Do you open your eyes first? Do you then reach for your phone or the newspaper to find out what's going on in the world? Maybe your legs wake up first, and you immediately jump out of bed. Or perhaps your stomach wakes up first, and you need your breakfast or coffee right away?

Listen to what God says… "He awakens me morning by morning; He awakens my ear to listen as a disciple. The Lord God has opened My ear…" (Isaiah 50:4-5). What this means is that if you are a true disciple, before any other part of you can function usefully that day, God has to open your ear to listen. When I think about listening "as a disciple", I picture a student sitting on the floor, eyes fixed on the teacher, listening carefully to every word. This is what Mary did when Jesus came to her house (Luke 10:39). Her sister Martha, instead, was taken up with wanting to serve Jesus good food. Jesus commended Mary for choosing the one thing which was necessary – i.e., listening to Him – and promised that what she gained by listening like a disciple would never be taken away from her (Luke 10:42).

James 1:19 says, "Be quick to hear, slow to speak." Isn't it interesting that God made it so that it requires a lot of energy to speak, but requires almost no energy to listen! He also gave us one tongue and two ears? So, if you have 5 minutes of things to say to someone, maybe allow for 10 more minutes to listen. This applies to conversations with others, but also in your prayers to God. The next time you pray, even before a meal, stop and spend some time listening to what God is trying to tell you. Then, the prayer you pray after that will be truly meaningful.

An amazing thing happens when God awakens our ears to listen as a disciple. He can then give us the tongue of a disciple, so that we will know exactly what to say to the weary (Isaiah 50:4a). And you will find the "weary" all around you – beginning with your family at home or in the church, people at work or school, in the store, on the roads, in a bus or train, etc. The ear has another important function besides hearing. Our physical ears help give our bodies a sense of balance. The same is true spiritually as well. If your ear is always alert to listen as a disciple, you will live a truly balanced Christian life and not go astray. For, God promises you that when your feet start to wander to the right or to the left, your ear will hear a word behind you saying, "No, this is the way; walk in it" (Isaiah 30:21). This is the secret to knowing God's Will in every circumstance in life – in the big decisions, and in the small. So, the next time you set your alarm clock before going to bed, perhaps set it a few minutes earlier than usual to pause, even while laying on your bed, and allow Jesus to awaken your ear. Amid all the "busy-ness" in your mind about what all needs to be done that day, amid dark clouds of fear about what lies ahead that day, amid storms of care over something or someone in your life… stop and listen to Jesus's still, small voice. You will hear Him urging you to humble yourself and cast your care on Him, because He cares for you (I Peter 5:6-7).

In your spirit, you will hear His whisper of love in your ear, saying, "Come away with me; let's walk together today" (Song of Solomon 2:10; Mark 6:31).

**JEEVA MOZHIKAL** RNI/KERBIL/-2003/21404
**March 2017** www.jeevamozhikal.org
Annual Subscription Rs. 100/-

**Registered No: KL/KTM/46/2015-17**
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-02-2017

# ഒഴിഞ്ഞ കസേര

**ഒ**റ്റയ്ക്കു താമസിക്കുന്ന പ്രായമായ തന്റെ പിതാവിനെ സന്ദർശിച്ച് പ്രാർത്ഥിക്കണമെന്നു മകൾ ആവശ്യപ്പെട്ടതനുസരിച്ചാണ് സഭാ മൂപ്പൻ ആ വീട്ടിൽ ചെന്നത്. കിടക്കയിലായിരുന്ന പിതാവ് സന്ദർശകനെ സ്വാഗതം ചെയ്തു. പിതാവിന്റെ കിടക്കയുടെ അടുത്തുതന്നെ ഒഴിഞ്ഞ ഒരു കസേര കട്ടിലിന് അഭിമുഖമായി കിടപ്പുണ്ടായിരുന്നു.

"ഞാൻ വരുമെന്ന് അറിയാമായിരുന്നോ? അല്ല, ഈ കസേര ഇവിടെ ഇട്ടിരിക്കുന്നതു കണ്ടിട്ട് ചോദിച്ചതാണ്." സഭാ മൂപ്പൻ ചോദിച്ചു.

"ഇല്ല ഈ കസേരയുടെ പിന്നിൽ ഒരു രഹസ്യമുണ്ട്. അതു ഞാൻ എന്റെ മകളുൾപ്പെടെ ആരോടും പറഞ്ഞിട്ടില്ല. പക്ഷേ ഇപ്പോൾ താങ്കളോടു പറയാം. ഈ ഒഴിഞ്ഞ കസേരയിൽ യേശു ഇരിക്കുന്നതായി ഞാൻ സങ്കല്പിക്കും. എന്നിട്ട് യേശുവിനോടു ഞാൻ സംസാരിക്കും. അതാണെന്റെ പ്രാർത്ഥന. എല്ലായ്പ്പോഴും കർത്താവു കൂടെ ഉണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് കർത്താവ് എന്നെ സ്നേഹത്തോടെ ശ്രദ്ധിച്ചുകൊണ്ട് എന്റെ പ്രാർത്ഥന കേൾക്കുന്നതായി ഞാൻ വിശ്വസിക്കും. ഇതെന്റെ പ്രാർത്ഥനാജീവിതത്തെ ഏറെ വ്യത്യാസപ്പെടുത്തി. അതിനാണ് ഒഴിഞ്ഞ കസേര എപ്പോഴും ഇവിടെ ഇട്ടിരിക്കുന്നത്."

ഈ കഥ സഭാ മൂപ്പനെ ആഴത്തിൽ സ്പർശിച്ചു. സംഭാഷണത്തിനുശേഷം അദ്ദേഹം യാത്രചോദിച്ചു പിരിഞ്ഞു.

രണ്ടു ദിവസം കഴിഞ്ഞ് പിതാവ് മരിച്ചു പോയതായി മകൾ വന്നു പറഞ്ഞു. അവൾ ആ അവസാന രംഗം ഇങ്ങനെ വിശദീകരിച്ചു: "ഉച്ചയ്ക്ക് രണ്ടു മണിക്ക് ഞാൻ പുറത്തു പോകാൻ നേരം ഡാഡി എന്നെ അടുത്തു വിളിച്ചു. എന്നെ സ്നേഹിക്കുന്നുവെന്നു പറഞ്ഞ് എന്നെ ചുംബിച്ച് യാത്രയാക്കി. നാലു മണിക്കു ഞാൻ തിരിച്ചു വന്നപ്പോൾ ഡാഡി ശാന്തമായി മരിച്ചു കിടക്കുന്നു. എന്നാൽ ഡാഡി കിടക്കയ്ക്കരികിൽ കിടന്ന ഒഴിഞ്ഞ കസേരയിലേക്കു ചാഞ്ഞ് അതിൽ തല വച്ചു കിടന്നാണു മരിച്ചത്. അത് എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല."

കണ്ണുനീർ തുടച്ചുകൊണ്ട് മറുപടിയായി സഭാ മൂപ്പൻ ഇത്രമാത്രം പറഞ്ഞു: "ഹാ!, നമുക്കെല്ലാവർക്കും അപ്രകാരം കടന്നുപോകാൻ കഴിഞ്ഞെങ്കിൽ എന്നു ഞാൻ ആശിക്കുന്നു."

'കാഴ്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്' (2 കൊരി. 5:7)

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.